# സാന്ത്വനം

SANDWANAM

ഒരു സ്വതന്ത്ര ആത്മീക പത്രിക

പുസ്തകം 8 | ലക്കം 2 | 2018 മാർച്ച് - ഏപ്രിൽ | പേജ് 4 | RNIO KERMAL/2011/40311


## ഡോ.ബില്ലിഗ്രഹാം ശുശ്രൂഷ തികച്ചു



ലോകപ്രസിദ്ധ അമേരിക്കൻ സുവിശേഷകൻ ഡോ ബില്ലിഗ്രഹാം ഫെബ്രുവരി 21 ന് 99 –ാം വയസ്സിൽ ശുശ്രൂഷ തികച്ചു അഭിമാനത്തോടെ മഹത്വത്തിൽ ചേർക്കപ്പെട്ടു. അമേരിക്കയിലെ നോർത്ത് കരോലാനയിലെ വീട്ടിൽ വച്ചായിരുന്നു അന്ത്യം. ലോകത്തിൽ ഏറ്റവും അധികം ആളുകളോട് സുവിശേഷം അറിയിച്ച പ്രഭാഷകൻ എന്നു വിശേഷിക്കപ്പെട്ട ഡോ ബില്ലിഗ്രഹാമിനെ 1996 മെയ് 2 –ാം തീയതി അമേരിക്കൻ കോൺഗ്രസ്സ് ആദരിച്ചിരുന്നു.

സുവിശേഷ സംസ്കാരമുള്ള ക്രൈസ്തവ നേതാവ് എന്ന നിലയിൽ ദേശീയ തലത്തിൽ ബില്ലീഗ്രഹാമിനുള്ള സ്വാധീനതയെ അമേരിക്കൻ കോൺഗ്രസ് പ്രശംസിച്ചിരുന്നു. സുവിശേഷകനായ ഒരു ആത്മീയ നേതാവിന് അമേരിക്കൻ കോൺഗ്രസിന്റെ ആദരവ് ലഭിക്കുന്നത് ആദ്യമായിട്ടായിരുന്നു. ബില്ലിഗ്രഹാമിന്റെ എളിമയ്ക്കു ലഭിച്ച അംഗീകാരമായിരുന്നു ഈ അവാർഡെന്നു പ്രമുഖ ലോക ക്രൈസ്തവ നേതാക്കൾ ചൂണ്ടിക്കാട്ടി.

വില്യം ഫ്രാങ്ക്ളിൻ ഗ്രഹാം മോറോക്കാഹി ദമ്പതികൾക്ക് 1918 നവംബർ 7 –ാം തീയതി ജനിച്ച ബില്ലിഗ്രഹാം പതിനഞ്ചാം വയസ്സിൽ ഒരു പ്രൊഫഷണൽ ബേസ്ബോൾ കളിക്കാരനായി. ഒരു കളിക്ക് 15 ഡോളർ പ്രതിഫലം ലഭിക്കും. പിതാവിന്റെ ആഗ്രഹം ബില്ലി ഒരു സുവിശേഷകനായിത്തീരണമെന്നായിരുന്നു. ചെറുപ്പം മുതലേ വായനാശീലം ബില്ലിക്കുണ്ട്. സ്കൂൾ വിദ്യാഭ്യാസത്തിനു ശേഷം ഉപരി പഠനത്തിന് പണം കണ്ടെത്തുവാൻ ബില്ലി ഷൂ പോളീഷിംഗും മറ്റും ചെയ്യുമായിരുന്നു. ഫ്ളോറിഡായിലെ ട്രിനിറ്റി കോളജിലാണ് അദ്ദേഹം പഠിച്ചത്. മൊർദ്ദേഖായി ഹാം എന്ന സുവിശേഷകനാണ് ബില്ലിയെ ക്രിസ്തുവിലേക്ക് നയിച്ചത്. “എന്നെ ആവശ്യമുണ്ടെങ്കിൽ കർത്താവേ എന്നെ സ്വീകരിക്കേണമെ ” എന്ന വാക്കുകളോടെയാണ് ബില്ലി കർത്താവിനെ സ്വീകരിച്ചത്. 1938 ഡിസംബർ 4 ന് അദ്ദേഹം വിശ്വാസ സ്നാനം സ്വീകരിച്ചു. 1939 –ൽ ബില്ലിഗ്രഹാം വിറ്റെനിൽ ബാപ്റ്റിസ്റ്റ് സമൂഹത്തിൽ ശുശ്രൂഷകനായി. 1943 ഓഗസ്റ്റ് 13 ന് വിവാഹം കഴിച്ചു; രൂത്ത് ബെൽ ആയിരുന്നു വധു. രണ്ടുപേരും പ്രേഷിത പ്രവർത്തനത്തിൽ പങ്കാളികളും സഹകാരികളും സഹപ്രവർത്തകരുമായി. അവർ ഒന്നിച്ച് ക്രിസ്തുവിന്റെ മുന്തിരിത്തോപ്പിൽ അദ്ധ്വാനിച്ചു. 1949 –ൽ ലോസാഞ്ചസ്സിൽ ഡോ ബില്ലിഗ്രഹാം ആരംഭിച്ച പ്രസ്ഥാനമാണ് ‘ബില്ലിഗ്രഹാം ഇവാഞ്ചലിസ്റ്റിക് അസ്സോസിയേഷൻ’.ഇതിന്റെ നേതൃത്വത്തിൽ ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ നിരവധി സുവിശേഷ പ്രവർത്തനങ്ങൾ നടന്നു വന്നു.

1937 –ൽ പതിനെട്ടാമത്തെ വയസ്സിൽ പ്രസംഗം ആരംഭിച്ചപ്പോൾ ബില്ലിഗ്രഹാമിനു ലഭിച്ചത് മുപ്പതു പേർ മാത്രമായിരുന്നു. ‘മുപ്പത് കൗബോയ്സ്’. സഭാകമ്പം മൂലം അന്ന് നന്നായി പ്രസംഗിക്കുവാൻ കഴിഞ്ഞില്ല. മിനിറ്റുകൾ കൊണ്ട് പ്രസംഗം അവസാനിപ്പിച്ചു സ്ഥലം വിട്ടു. പക്ഷേ ബില്ലിഗ്രഹാമിനെ ദൈവം ഉപയോഗിക്കുവാൻ ആഗ്രഹിച്ചിരുന്നതിനാൽ അദ്ദേഹത്തെ പ്രസംഗവേദിയിൽ തന്നെ നിറുത്തി. ആയിരങ്ങളും പതിനായിരങ്ങളും ബില്ലിഗ്രഹാമിന്റെ പ്രസംഗം കേൾക്കുവാൻ ലോകത്തിന്റെ നാനാഭാഗങ്ങളിൽ തടിച്ചു കൂടി. അദ്ദേഹത്തിന്റെ ബില്ലിഗ്രഹാം ക്രൂസേഡ് ലോകപ്രസിദ്ധമാണ്. 1984 ഓഗസ്റ്റിൽ ദക്ഷിണ കൊറിയയിലെ സോളിൽ നടന്ന ക്രൂസേഡിൽ ബില്ലിഗ്രഹാമിന്റെ പ്രസംഗം കേൾക്കുവാൻ എത്തിയത് 11 ലക്ഷങ്ങളായിരുന്നുവെന്ന് അന്നത്തെ റിപ്പോർട്ടു പറയുന്നു. ബില്ലിഗ്രഹാം രണ്ടു പ്രാവശ്യം 1955, 1977 വർഷങ്ങളിലായി ഇന്ത്യയിലെത്തി. 1955 ജനുവരിയിൽ കോട്ടയം സി എം എസ് കോളേജ് ഗ്രൗണ്ടിൽ നടന്ന ക്രൂസേഡ് കേരളത്തിന്റെ സുവിശേഷീകരണ ചരിത്രത്തിലെ നാഴികക്കല്ലായി മാറി. പ്രസ്തുത ക്രൂസേഡിൽ ബില്ലിഗ്രഹാമിന്റെ പ്രസംഗങ്ങൾ മലയാളത്തിലേക്ക് പരിഭാഷപ്പെടുത്തിയവരിൽ ഒരാൾ പ്രസിദ്ധ ബ്രദറൺ ഉപദേഷ്ടാവും പ്രഭാഷകനുമായിരുന്ന കെ ജി തോമസ്സായിരുന്നു. അമേരിക്കയിൽ കെന്റക്കിൽ നടന്ന ക്രൂസേഡിലും ബില്ലിഗ്രഹാമിനോടൊപ്പം വേദി പങ്കിടുവാനും കെ ജിക്ക് അവസ്സരം ലഭിച്ചു.

1993 –ൽ നടന്ന മിഷൻ വേൾഡ് യൂറോപ്പ് പ്രോഗ്രാമിലൂടെ 50 കോടിയിലധികം ജനങ്ങൾ സുവിശേഷം കേൾക്കുവാൻ സഹായകമായി. 1995 –ൽ കാനഡാ ക്രൂസേഡിൽ പ്രസംഗിച്ചുകൊണ്ടിരിക്കുമ്പോൾ വൃദ്ധനായിരുന്ന അദ്ദേഹം വേദിയിൽ കുഴഞ്ഞു വീണു. പാർക്കിസൻസ് രോഗം ബാധിച്ചു എങ്കിലും അദ്ദേഹം പ്രസംഗത്തിൽ നിന്നും വിരമിച്ചില്ല. സാറ്റ്ലൈറ്റ്, റ്റിവി, തുടങ്ങിയ മാധ്യമങ്ങളിലൂടെ പ്രസംഗം തുടർന്നു. ബില്ലിഗ്രഹാമിന്റെ ‘ഡിസിഷൻ’ മാസിക ലോകപ്രസിദ്ധമാണ്. വിവിധ ക്രൂസേഡുകളിൽ സംബന്ധിച്ച് മാനസാന്തരപ്പെട്ട പ്രമുഖരുടെ ജീവിത സാക്ഷ്യങ്ങൾ ഡിസിഷനിൽ ക്രമമായി പ്രസിദ്ധീകരിച്ചിരുന്നു. നിരവധി ലേഖനങ്ങളും ഗ്രന്ഥങ്ങളും അദ്ദേഹം രചിച്ചിട്ടുണ്ട്. ബില്ലിഗ്രഹാമിന്റെ സാഹിത്യ രചനകൾക്ക് മലയാളികൾക്കിടയിലും ഏറെ വായനക്കാരുണ്ട്. ജീവകാരുണ്യ, സാമൂഹിക ക്ഷേമ പ്രവർത്തനങ്ങൾക്കും ബില്ലിഗ്രഹാം ഇവാഞ്ചലിസ്റ്റിക് അസ്സോസിയേഷൻ നേതൃത്വം നൽകുന്നുണ്ട്.

1996 –ൽ ഓസ്ട്രേലിയയിൽ നടന്ന ക്രൂസേഡിൽ ബില്ലിഗ്രഹാമിനു പ്രസംഗം പൂർത്തിയാക്കുവാൻ കഴിഞ്ഞില്ല. വാർദ്ധക്യവും ശാരീരിക പ്രശ്നങ്ങളും കടുത്ത പ്രതിസന്ധിയുണ്ടാക്കി. ഇവിടെ അദ്ദേഹത്തിന്റെ മകൻ ഡോ. ഫ്രാങ്ക്ളിൻ ഗ്രഹാമാണ് പിതാവ് ചെയ്ത പ്രസംഗം പൂർത്തിയാക്കിയത്. മഹത്തായ ഒരു ദൈവനിയോഗത്തിന്റെ വേദി കൂടിയായി അതുമാറി. അന്നുമുതൽ ഡോ. ഫ്രാങ്ക്ളിൻ ഗ്രഹാം സുവിശേഷ വേദിയിൽ പിതാവിനു പകരം നിലകൊള്ളുന്നു. സുവിശേഷദർശനമുണ്ടായിരുന്ന ഒരു പിതാവിനെ സംബന്ധിച്ചിടത്തോളം അദ്ദേഹത്തിന്റെ ശുശ്രൂഷകൾ മകൻഏറ്റെടുക്കുക എന്നത് ഒരു വലിയ ബഹുമതിയാണ്.

യിസ്രായേലിൽ ഗോൾഡാ മേയർ പ്രധാനമന്ത്രിയായിരിക്കുമ്പോൾ അമേരിക്കൻ പ്രസിഡന്റ് നിക്സൺ യിസ്രായേലിലെ അംബാസഡർപദവി ഡോ.ബില്ലിഗ്രഹാമിനു വാഗ്ദാനം ചെയ്തു. എന്നാൽ “ഞാൻ ക്രിസ്തുവിന്റെ അംബാസഡറാണ്” എന്നായിരുന്നു ബില്ലിഗ്രഹാമിന്റെ പ്രതികരണം. ലോകരാഷ്ട്ര നേതാക്കളും അമേരിക്കൻ പ്രസിഡന്റുമാരും അദ്ദേഹത്തെ ആദരിച്ചിരുന്നു. അദ്ദേഹത്തോടൊപ്പം പ്രാർത്ഥിക്കുവാൻ അവസ്സരം തേടിയിരുന്നു. അമേരിക്കയുടെ സുവിശേഷകൻ എന്നാണ് പ്രസിഡന്റ് ജോർജ് ബുഷ് ബില്ലിഗ്രഹാമിനെ വിശേഷിപ്പിച്ചത്. ദീർഘമായ 70 വർഷം സുവിശേഷരംഗത്തു നിറഞ്ഞു നിന്ന മഹാപ്രേഷിതനാണ് ബില്ലിഗ്രഹാം. ഭാര്യ രൂത്ത് 2007 –ൽ അന്തരിച്ചു. ഏകദേശം 185 രാജ്യങ്ങളിലായി 21 കോടി ജനങ്ങളുമായി ക്രിസ്തുവിന്റെ സുവിശേഷം അഭിമാനപൂർവ്വം പങ്കുവയ്ക്കുവാൻ ഈ പ്രേഷിത ദമ്പതികൾക്ക് ദൈവം കൃപ നൽകി. കടുത്ത അവഗണനയും പ്രതിസന്ധിയും അനുഭവിച്ചുകൊണ്ട് പ്രേഷിത ദൗത്യവുമായി മുന്നേറുന്ന കർത്തൃദാസന്മാർക്ക് ഡോ. ബില്ലിഗ്രഹാമിന്റെ ആത്മീയാനുഭവങ്ങൾ എക്കാലവും ശക്തമായ ആത്മീയ പ്രചോദനമായി നിലനിൽക്കും.

## ഉണർവ്വ് ആവശ്യമില്ലാത്ത സമൂഹമോ?




ജെ സി ദേവ്


**ലി**നാർഡ് റാവൻ ഹിൽ എഴുതിയ Why Revival Tarreies എന്ന ഗ്രന്ഥം “ഉണർവ്വ് എന്തുകൊണ്ടു താമസിക്കുന്നു” എന്ന തലക്കെട്ടിൽ വൈ എം എഫ് ബുക്ക് ക്ലബ്ബിന്റെ (YMEF Book club) ചുമതലയിൽ 1978 –ൽ അച്ചടിച്ചു പ്രസിദ്ധീകരിച്ചിരുന്നു. ആദരണീയനായ കെ ദാനിയേൽ വില്യംസും റ്റി റ്റി വർഗ്ഗീസുമായിരുന്നു ഗ്രന്ഥകർത്താക്കൾ. മുഖ്യമായും ബ്രദറൺ സമൂഹത്തിലാണ് ഈ ഗ്രന്ഥം പ്രചരിപ്പിക്കപ്പെട്ടത്. ബ്രദറൺ സമൂഹത്തിൽ ഒരു ആത്മീയ ഉണർവ്വ് ആവശ്യമായിരുന്നു എന്ന് വിവർത്തകരും പ്രസാധകരും ഒരുപോലെ ചിന്തിച്ചിരുന്നു എന്നാണ് അത് സൂചിപ്പിക്കുന്നത്. ദീർഘവർഷങ്ങൾക്കു ശേഷം ഈ കുറിപ്പെഴുതുമ്പോൾ നമ്മുടെ സമൂഹം ഉണർവ്വ് ആവശ്യമില്ലാത്ത ഒരു വിഭാഗമായി മാറുകയോണോ എന്ന ഭയം ഉളവാക്കുന്ന ചിന്ത മനസ്സിനെ നന്നായി അലട്ടുന്നുണ്ട്.

ആ പുസ്തകം സമൂഹത്തിനു കൈമാറുവാൻ ദൈവത്തിന്റെ പരിശുദ്ധാത്മാവ് അന്ന് ദൈവദാസന്മാരോട് ഇടപെടുകയും അവർ ഏറെ സത്യസന്ധമായി അക്കാര്യം നിർവഹിക്കയും ചെയ്തു. എന്നാൽ നമ്മുടെ സമൂഹത്തിന് അത് ഗൗരവത്തോടും ആവശ്യബോധത്തോടും കൂടെ ഉൾക്കൊള്ളുവാൻ കഴിഞ്ഞുവോ എന്ന് സത്യസന്ധമായ ഒരു ആത്മപരിശോധന ആവശ്യമായിരിക്കുന്നു. മൂലഗ്രന്ഥത്തിനു ആമുഖപഠനം എഴുതിയ പ്രസിദ്ധ വേദപണ്ഡിതനായ എ ഡബ്ല്യു ടോസറുടെ വാക്കുകൾ: “വായനക്കാരൻ ഒന്നുകിൽ പുസ്തകം അടച്ച് പ്രാർത്ഥനയ്ക്കായി സ്ഥലം അന്വേഷിക്കും; അല്ലെങ്കിൽ അതിൽ പ്രസ്താവിച്ചിരിക്കുന്ന മുന്നറിയിപ്പുകളും ആഹ്വാനങ്ങളും നിമിത്തം കുപിതനായി അതിനെ എറിഞ്ഞു കളയും”. ഇതിൽ ഏതായിരുന്നു പുസ്തകത്തോട് നമ്മുടെ സമൂഹത്തിന്റെ പ്രതികരണം എന്നത് ചിന്തിക്കേണ്ടതുണ്ട്. പ്രാർത്ഥനയ്ക്കായി ഇടം തേടിയവർ വളരെ കുറവായിരുന്നു എന്ന് നിശംശയം പറയാം. ഇക്കഴിഞ്ഞ നാലു ദശാബ്ദങ്ങളിൽ സമൂഹത്തിലും സഭകളിലും അരങ്ങേറിയ അനാത്മീയതയും അസ്വസ്തതയും അസംതൃപ്തിയും ഭിന്നതയും തൻപ്രമാണിത്തവും പരിഗണിച്ചാൽ ലിനാർ ഡിന്റെ ഗ്രന്ഥത്തിന് അന്ന് അനുഭാവപൂർവ്വമായ പ്രതികരണമല്ല ലഭിച്ചതെന്നു കരുതേണ്ടിയിരിക്കുന്നു.

ഗ്രന്ഥത്തെപ്പറ്റിയുള്ള ചർച്ചകളോ ഗ്രന്ഥത്തെ ഉപജീവിപ്പിച്ചുകൊണ്ടുള്ള സാഹിത്യ രചനകളൊ ഉണ്ടായതായി ഓർക്കുന്നില്ല. നമുക്ക് ആനുകാലികങ്ങളുടെ കുറവുണ്ടായിട്ടല്ല. 1978 –നു ശേഷം ധാരാളം പുതിയ ആനുകാലികങ്ങൾ (മാസികകൾ) പുറത്തിറങ്ങി. എന്നാൽ എത്ര ആനുകാലികങ്ങൾ ആത്മീയ ഉണർവ്വിനെ ലക്ഷ്യം വച്ചുകൊണ്ടുള്ള പത്രാധിപക്കുറിപ്പുകളൊ ലേഖനങ്ങളോ പ്രസിദ്ധീകരിച്ചിട്ടിട്ടുണ്ട്? ഈയൊരു ചോദ്യം ഒരു പത്രാധിപർ ഉന്നയിച്ചപ്പോൾ അത്തരം ലേഖനങ്ങളും മറ്റും പ്രസിദ്ധീകരിച്ച ആനുകാലികങ്ങൾ ഓർത്തെടുക്കുവാൻ എനിക്കു കഴിയാതെ പോയി എന്നത് ഏറെ ലജ്ജിപ്പിച്ച സംഭവമായി.

“ഉണർവ്വ് എന്തുകൊണ്ടു താമസിക്കുന്നു” എന്ന ഗ്രന്ഥത്തിൽ നിന്നും ഒരാശയവും ഇവിടെ ആവർത്തിക്കുവാൻ ആഗ്രഹിക്കുന്നില്ല. പ്രസ്തുത പുസ്തകം വായനക്കാരുടെ ബുക്ക് ഷെൽഫുകളിൽ കണ്ടേക്കാം. ഒന്നെടുത്തു വായിക്കുവാൻ ഈ കുറിപ്പ് പ്രേരണയായിത്തീരട്ടെ എന്നാണാഗ്രഹമാണ് എന്റെ മനസിലെ ചിന്തകൾ വായനക്കാരുമായി പങ്കുവെയ്ക്കുവാൻ താല്പര്യപ്പെടുന്നത്. വായനക്കാർക്ക് യോജിക്കയോ വിയോജിക്കയോ ചെയ്യാം. അതല്ലെങ്കിൽ കൂടുതൽ നിർദ്ദേശങ്ങളോ ക്രിയാത്മകമായ നിരീക്ഷണങ്ങളോ പുറത്തു കൊണ്ടുവരാം. വായനക്കാർക്ക് അതിനുള്ള സ്വാതന്ത്ര്യവും തള്ളിക്കളയുന്നില്ല.

1) ഉണർവ്വുണ്ടാകണമെന്ന ചിന്ത അടിസ്ഥാപരമായി ഓരോ വിശ്വാസിയിലും രൂപപ്പെടണം. ഉണർവ്വിനോട് നിഷേധാത്മകമായ ധാരണയും നിലപാടും മുൻവിധിയും മാറണം, മാറ്റി എടുക്കണം. പ്രസംഗകരിലും എഴുത്തുകാരിലും ഉപദേഷ്ടാക്കളിലും ഈ ചിന്ത ശക്തിപ്പെടണം. അത് ജനത്തോട് സംവദിക്കുവാൻ തയ്യാറാകയും വേണം. അപ്പോൾ നമുക്ക് ഉണർവ്വ് ആവശ്യമാണെന്ന് വ്യാപകമായ ഒരാവശ്യബോധം സമൂഹത്തിനുണ്ടാകും. ഇന്ന് ഉണർവ്വിനെപ്പറ്റി വ്യക്തിപരമായ ചില ചിന്തകൾ വിശ്വാസികളിൽ രൂപപ്പെടുന്നുണ്ട്. പക്ഷേ, അത് അവർക്കു പുറമേ പറയുവാനുള്ള ധൈര്യമില്ല. അങ്ങനെ ഒരഭിപ്രായം വന്നാൽ തങ്ങൾ തെറ്റിദ്ധരിക്കപ്പെടുകയും തിരസ്കരിക്കപ്പെടുകയും ചെയ്യുമെന്ന ഭയം നിലനിൽക്കുന്നുണ്ട്. ഈ ഭയം വളരെ അപകടമാണ്.

2) പരിശുദ്ധാത്മാവിന്റെ നവീകരണം പ്രാദേശിക സഭയിൽ ഉണ്ടാകണം (തീത്തൊ 3:7). സഭ പണിയപ്പെടുന്നത് പരിശുദ്ധാത്മാവിനാലാണ് (എഫെ 2:22). ഇതു സംബന്ധിച്ചുള്ള പ്രയോഗങ്ങൾ തിരിച്ചറിയണം. Reformation = പുന:ക്രമീകരണം, Renewal = നവീകരണം, Revival = ഉണർവ്വ്, ഇതെല്ലാം പരിശുദ്ധാത്മാവിന്റെ പ്രവർത്തനങ്ങളും ഇടപെടലുകളുമാണ്. ഈ ആത്മീയ അനുഭവങ്ങൾ പ്രാദേശിക സഭകളിൽ ഉണ്ടാകണം. സാക്ഷ്യത്തിനുള്ള പ്രചോദനം പരിശുദ്ധാത്മ ശക്തിയാൽ ഉണ്ടാകുന്നതാണ് (പ്രവൃ 1:8). പരിശുദ്ധാത്മാവിന്റെ ശക്തി അനുദിനം അനുഭവമാക്കണം. ഇന്ന് പരിശുദ്ധാത്മവ് എന്ന സംജ്ഞ തന്നെ തെറ്റിദ്ധരിക്കപ്പെട്ടിരിക്കുന്ന അപകടകരമായ സ്ഥിതി മാറ്റിയെടുക്കയാണ് പുതുതലമുറകൾക്കു മുമ്പിൽ നമുക്കു ചെയ്യുവാനു ള്ള ആദ്യശ്രമം. “പരിശുദ്ധാത്മ വിജ്ഞാനീയം” ശരിയായി സ്ഥലം സഭകളിൽ പഠിപ്പിക്കുവാൻ ഉപദേഷ്ടാക്കന്മാർക്കു സാധിക്കണം.

3) വ്യവസ്ഥാപിതമായി പ്രാർത്ഥിക്കുന്ന അനുഭവം യാഥാർത്ഥ്യമാകണം (മർക്കൊ 11:24–26; മത്താ 6:14,15; 18:19). ഇവയ്ക്കു അനുരഞ്ജനവും ഐക്യവും സഭകളിൽ ഉണ്ടാകണം.

4) വ്യവസ്ഥാപിതമായ അപ്പം നുറുക്കൽ പ്രാദേശിക സഭകളിൽ യാഥാർത്ഥ്യമാകണം. സഹവിശ്വാസിയുമായി അനുരജ്ഞനപ്പെട്ട്, മനസ്സിൽ വെറുപ്പും വിദ്വേഷവും പകയും പ്രതികാര ചിന്തയും നിലനിർത്താതെ, സഹോദരനോട്

3

സ്നേഹത്തിൽ സത്യം സംസാരിച്ചുകൊണ്ട്

എഡിറ്റോറിയൽ

# ഉണർവ്വ് വൈകാരിക പ്രകടനമോ?

ആഗോള ക്രൈസ്തവരുടെ മദ്ധ്യത്തിൽ നൂറ്റാണ്ടുകളുടെ പഴക്കമുള്ള പ്രയാഗമാണ് ഉണർവ്വ്. എന്നാൽ ഉണർവ്വ് എന്നതിനെപ്പറ്റി ഇന്നും അനേകർക്കും വേണ്ട ബോദ്ധ്യമില്ലെന്നതും യാഥാർത്ഥ്യം തന്നെ. ഒരു വൈകാരിക പ്രകടനമായി ഇതിനെ കാണുന്നവരും വിമർശിക്കുന്നവരും ഒരുപോലെ രംഗത്തുണ്ട്. അവർ തമ്മിൽ അൽപ്പമല്ലാത്ത വാദങ്ങളും ഉണ്ടായിട്ടുണ്ടെങ്കിലും വസ്തുതകളെ മനസിലാക്കുന്നതിലും നടപ്പിലാക്കുന്നതിലും ഒരുപോലെ വീഴ്ച സംഭവിച്ചിട്ടുണ്ടെന്നതും തള്ളിക്കളയുവാനാകില്ല.

ക്രൈസ്തവ ചരിത്രകാരന്മാർ രേഖപ്പെടുത്തിയിട്ടുള്ള 'ഇരുണ്ട യുഗമായ' എഡി 350–1500 കാലഘട്ടങ്ങളിൽ പോലും ഉണർവ്വിനായി ദാഹിച്ചിരുന്ന, പ്രാർത്ഥിച്ചിരുന്ന വിശ്വാസികൾ ഉണ്ടായിരുന്നുവെന്ന് മനസിലാക്കാം. അതിന്റെ ഫലമാണ് മാർട്ടിൻ ലൂഥറിന്റെയും മറ്റും കാലത്തുണ്ടായ വിപ്ലവകരമായ നവോത്ഥാനം എന്നു വിശ്വസിക്കുന്നവരുമുണ്ട്. ബൈബിൾ നിരോധിത പുസ്തകങ്ങളുടെ പട്ടികയിൽ പെടുത്തിയിരുന്ന കാലത്തു തന്നെയാണ് ബൈബിളിന്റെ വ്യാപനത്തിന് ഉതകുന്ന തരത്തിൽ തർജ്ജമകളും പുനപ്രസിദ്ധീകരണങ്ങളുമെല്ലാം നടന്നിരുന്നത് എന്ന വസ്തുത ഇതിന് അടിവരയിടുന്നതാണ്.

എന്നാൽ എന്താണ് ഉണർവ്വ്? ഉണർവ്വിനെ നിർവചിക്കുവാനുള്ള തത്രപ്പെടലിനെക്കാൾ അതെന്താണെന്നു സ്വയം മനസിലാക്കുവാൻ ശ്രമിക്കയും പ്രവൃത്തിയിലൂടെ അതു മറ്റുള്ളവരിലെത്തിക്കുവാനും ശ്രമിക്കുന്നതാണ് കാലഘട്ടത്തിന്റെ ആവശ്യം. ഉണരുക എന്ന വാക്ക് ഇതുമായി കൂടുതൽ യോജിച്ചിരിക്കുന്നു. മയക്കത്തിലായിരിക്കുന്ന സ്ഥിതിക്കു മാറ്റം വരുത്തുക. പ്രവർത്തന സജ്ജമാകുക എന്നാണ് ഇതിന്റെ ശരിയായ മാനം. പ്രമാണത്തിന് അനുസരിച്ച് ഊർജ്ജസ്വലമായി പ്രവർത്തിക്കുക. പുറമേയുള്ള പ്രകടനങ്ങളല്ല, പിന്നെയോ നമ്മുടെ ഉള്ളിൽ നിന്നും എന്താവശ്യപ്പടുന്നുവോ അതു കൃത്യമായി നിർവഹിക്കപ്പെടുകയാണ് വേണ്ടത്.

അപ്പൊസ്തലനായ പൗലോസിന്റെ വാക്കുകൾ ചിന്തനീയമാണ്. "ഉറങ്ങുന്നവനേ, ഉണർന്ന് മരിച്ചവരുടെ ഇടയിൽ നിന്നും എഴുന്നേൽക്കുക. എന്നാൽ ക്രിസ്തു നിന്റെമേൽ പ്രകാശിക്കും". വെളിപ്പാടിൽ കർത്താവിന്റെ സന്ദേശവും ഇതു തന്നെയാണ്. "ജീവനുള്ളവൻ എന്നു നിനക്കു പേരുണ്ട് എങ്കിലും നീ മരിച്ചവനാകുന്നു. ഉണർന്നുകൊൾക". ചത്തതിനൊക്കുമേ ജീവിച്ചിരിക്കുകിൽ എന്നതാണ് ഇന്നത്തെ ആത്മീയ സ്ഥിതി. ജീവനുണ്ട്, എന്നാൽ ഉറങ്ങുകയാണ്; കിടപ്പ് മരിച്ചവരുടെ ഇടയിലും. ഇത് ആപൽക്കരമായ അവസ്ഥയാണ്. അതിനു മാറ്റമുണ്ടായില്ലെങ്കിൽ വ്യക്തികളുടെയും സമൂഹത്തിന്റെയും ആത്മീയ നിലനിൽപ്പിനെ തന്നെ ബാധിച്ചെന്നു വരാം.

ആത്മീയ ഉണർവ്വും ശാരീരിക ഉണർവ്വും തമ്മിൽ കൂട്ടിക്കുഴച്ചു കാണുന്നതാണ് കാലഘട്ടത്തിന്റെ പ്രശ്നം. ഉച്ചത്തിലുള്ള പാട്ടും കയ്യടിയും കൈവീശലും തുടങ്ങി നൃത്തം ചെയ്യുന്നതുവരെ ഉണർവ്വിന്റെ അനുഭവമായി ഉയർത്തിക്കാട്ടുമ്പോൾ യാഥാർത്ഥ്യത്തിൽ നിന്നും ജനം അകലുകയാണെന്നു തിരിച്ചറിയുന്നില്ല. അതേ സമയം യാതൊരുവിധ ഉത്സാഹവും ഇല്ലാതെ, ആത്മീക ശുശ്രൂഷകളും കൂടിവരവുകളും നിർജ്ജീവാവസ്ഥയിൽ മുമ്പോട്ടു പോകുന്നതും ആശാസ്യമായ വിഷയമല്ല. പൊതുവേദിയിലോ സദസ്സിലോ സ്തോത്രം ചെയ്യുന്നതോ ഹല്ലേലൂയ്യാ പറയുന്നതോ അല്ല ആത്മീക ഉണർവ്വിന്റെ ലക്ഷമെങ്കിലും അതു അശേഷം പാടില്ലെന്നു വാദിക്കുന്നതും അഭിലക്ഷണീയമായ സ്ഥിതിയല്ല.

ദൈവവചനത്തിനും ദൈവാത്മാവിനും വിധേയപ്പെടുമ്പോഴാണ് ശരിയായ ഉണർവ്വ് സാധിതമാകുന്നത്. അത് വ്യക്തികളിലും ഭവനങ്ങളിലും ആരംഭിച്ച് സ്ഥലം സഭകളിലേക്കും സമൂഹത്തിലേക്കും കൈമാറണം. അതിന് സ്വയം ദൈവസന്നിധിയിൽ വിനയപ്പെട്ട് സ്വന്ത ആത്മീക സ്ഥിതി പരിശോധിച്ച് കുറവുകളെ ദൈവസന്നിധിയിൽ ഏറ്റുപറഞ്ഞുപേക്ഷിക്കുവാൻ കഴിയണം. മറ്റുള്ളവരുടെ കുറവുകളെ കാണാൻ വേഗം സാധിക്കും; കാരണം ഉള്ളിലേക്കു നോക്കുന്നതിനേക്കാൾ വേഗത്തിൽ പുറത്തേക്കു നോക്കാമല്ലോ? എന്നാൽ ആ നോട്ടം കൊണ്ടു ഉണർവ്വു കൈവരിക്കുവാൻ സാധിക്കില്ലെന്നു തിരിച്ചറിയണം. ഉണർവ്വു കാലഘട്ടം എന്നെല്ലാം നാം പറയുന്ന നാളുകളെ പരിശോധിച്ചാൽ ഒന്ന് മനസിലാകും. ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ വ്യക്തികളുടെയും പൊതു സമൂഹത്തിന്റെയും ആത്മീയ നിലവാരത്തിലെ ചോഷണം തിരിച്ചറിഞ്ഞ ഭക്തന്മാർ സ്വയം ദൈവസന്നിധിയിൽ സമർപ്പിക്കുകയും മറ്റുള്ളവരിലേക്ക് അതേ അനുഭവം പകരുവാനും സാധിച്ചതിന്റെയും ഫലമായിരുന്നു ഉണർവ്വ് സാദ്ധ്യമായത്.

ഇന്നും ദൈവസഭകൾക്കാവശ്യം സഭകളുടെയും അതിലെ അംഗങ്ങളുടെയും യഥാർത്ഥ ആത്മീയ സ്ഥിതി തിരിച്ചറിയുകയാണ്. ഒപ്പം അതിനു വേണ്ട പരിഹാരം വരുത്തുവാനും തയ്യാറാകാണം. മറ്റുള്ളവരിലേക്ക് വിരൽ ചൂണ്ടുന്നതു കൊണ്ടു മാത്രം ആത്മീയ പരിവർത്തനം വരുത്താമെന്നു കരുതരുത്. മാറ്റമുണ്ടാകേണ്ടത് വ്യക്തികളിലാണ്. അത് എന്നിൽ നിന്നും ആരംഭിക്കണമെന്ന ആഗ്രഹം നാമോരോരുത്തരിലും ഉണ്ടായാൽ ഉണർവ്വ് സാദ്ധ്യം തന്നെ. എന്നാൽ ആത്മീയ ഉണർവ് വൈകാരികമായ പ്രകടനമായി മാറാതെ ജീവിതത്തിലും പ്രവർത്തനത്തിലും ആത്മീക ശുശ്രൂഷകളിലും ഉദാത്തമായ മാതൃകയായി തീരണം. ആത്മാവിലാണ് യഥാർത്ഥ ഉണർവ്വ് ഉണ്ടാകേണ്ടത്. ആത്മീയ സമർപ്പണവും ആത്മീയ ഐക്യം നിലനിർത്തിക്കൊണ്ടുള്ള നിരന്തരമായ പ്രാർത്ഥനയുമാണതിനാവശ്യം. ഒട്ടും അമാന്തിച്ചു കൂടാ.

**ജോർജ് സാമുവേൽ**

**ലേഖനങ്ങളും കത്തുകളും അയയ്ക്കേണ്ട വിലാസം**

Cheif Editor, Sandhwanam, Mamala P O,
Thiruvankulam, Ernakulam Kerala 682305.
E mail: sandwanamnews2016@gmail.com
Mob: 9447668224, 9961166767
Our Website: www.standforthetruth.org

# സുവിശേഷ യത്നത്തിൽ മാധ്യമങ്ങളുടെ പങ്ക്

## സംശയനിവാരണം

**സു**വിശേഷ പ്രവർത്തന മേഖലയിൽ നമ്മുടെ മാധ്യമങ്ങൾ വേണ്ടത്ര പങ്കു വഹിക്കുന്നുണ്ടോ? നമ്മുടെയിടയിൽ സ്തുത്യർഹമായ സേവനം ചെയ്തു വന്ന പല മാധ്യമങ്ങളും പ്രവർത്തനം നിറുത്തിയതായി കേൾക്കുന്നു. എന്തുകൊണ്ടാണ് നമ്മുടെ മദ്ധ്യത്തിൽ മാത്രം ഇത്തരം പ്രവർത്തനങ്ങൾ പരാജയപ്പെടുന്നത്?

**തോമസ് വി നൈനാൻ മുംബൈ**

**വ**ളരെ ആകാംഷയോടെയാണ് താങ്കളുടെ കത്ത് വായിച്ചത്. ഒപ്പം ആശങ്കയും തിരിച്ചറിയുന്നു. അതിനു നിരത്തുന്ന കാരണങ്ങളും വളരെ വ്യക്തമാണ്.

ബ്രദറൺ സമൂഹത്തിന്റെ തുടക്കം മുതൽ തന്നെ നിലവിലുണ്ടായിരുന്നതും അതതു കാലത്തു ലഭ്യമായിരുന്നതുമായ മാധ്യമങ്ങൾ ഉപയോഗിച്ച് സുവിശേഷ പ്രചരണവും വിശ്വാസികളുടെ ആത്മീക വളർച്ചയ്ക്കു ഉതകുന്നതിന് ആവശ്യമായ പ്രവർത്തനങ്ങളും നടത്തിയിരുന്നുവെന്നത് അഭിമാനപൂർവ്വം ഓർക്കാവുന്ന വസ്തുതയാണ്. സുവിശേഷ സംബന്ധമായ പുസ്തകങ്ങളും ബൈബിൾ കമന്ററികളുമെല്ലാം പ്രസിദ്ധീകരിച്ചിരുന്നു. അന്നു നിലവിലുണ്ടായിരുന്ന മാധ്യമം അച്ചടിയായിരുന്നുവല്ലോ? അതിനു ശേഷം റേഡിയോ, റ്റി വി എന്നിവ വന്നപ്പോൾ അതും ഉപയോഗിക്കുവാൻ തുടങ്ങി.

ഇന്ത്യയിലെ ബ്രദറൺ സഭകളുടെ തുടക്കം മുതൽ തന്നെ അച്ചടി മാധ്യമം ഉപയോഗിക്കുവാൻ ശ്രദ്ധിച്ചിരുന്നു എന്നത് വസ്തുതയാണ്. എന്നാൽ അതിൽ നാം എത്രത്തോളം വിജയിച്ചുവെന്നോ, കുറേക്കൂടെ ആധുനികമായ ഇക്കാലത്ത് എത്രത്തോളം അക്കാര്യങ്ങൾ പ്രയോഗിക്കുന്നുവെന്നോ ഉള്ളത് ഗൗരവമായി ചിന്തിക്കേണ്ടിയിരിക്കുന്നു. അത് നമ്മെ കൊണ്ടെത്തിക്കുന്നത് വലിയ പരാജയ ബോദ്ധ്യത്തിലേക്കാണ്. ചില വസ്തുതകൾ ചൂണ്ടിക്കാണിക്കുന്നത് വായനക്കാർ ക്രിയാത്മകമായി പരിഗണിക്കണം എന്നപേക്ഷിക്കുന്നു.

അച്ചടി, റേഡിയോ, റ്റി വി, ഇന്റർനെറ്റ്, വെബസൈറ്റ്സ് ഇങ്ങനെ കാലാകാലങ്ങളിൽ ലഭ്യമായ്ക്കൊണ്ടിരുന്ന മാധ്യമങ്ങളിലൂടെ മനുഷ്യരെ എത്രത്തോളം തന്റെ അടിമയാക്കാമോ അത്രത്തോളം ഉപയോഗിച്ചു വന്നു. ആയിരക്കണക്കിനു അശ്ലീല പുസ്തകങ്ങൾ വിപണിയിൽ വിറ്റഴിച്ചു. റേഡിയോയുടെയും റ്റി വിയുടെയും വരവോടെ മനുഷ്യന്റെ ജഡീക ചിന്തകളെ പ്രോത്സാഹിപ്പിക്കുന്ന വിഭവങ്ങൾ പ്രക്ഷേപണം ചെയ്തു. പിന്നീട് ഇന്റർനെറ്റും വെബ്സൈറ്റുകളും വന്നതോടെ അശ്ലീല സാഹിത്യവും പച്ചയായ ലൈംഗിക വൈകൃതങ്ങളും സൗജന്യമായി നൽകുവാൻ തുടങ്ങി. ഏതു വിധേനയും മനുഷ്യരെ തന്റെ അടിമത്വത്തിൽ കുടുക്കിയിടുവാൻ പിശാച് പ്രവർത്തിച്ചു കൊണ്ടിരിക്കുന്നു. അവന്റെ ഏജന്റുകളായ മനുഷ്യർ അതിനായി അക്ഷീണം പരിശ്രമിച്ചുകൊണ്ടിരിക്കുന്നു. എന്നാൽ ഇതേ മാധ്യമങ്ങൾ ഉപയോഗിച്ച് മനുഷ്യരുടെ ആത്മീക നന്മയാക്കായി ഉപയോഗിക്കുന്നതിൽ നാം എത്രത്തോളം വിജയിച്ചിട്ടുണ്ട് എന്നത് വിലയിരുത്തേണ്ടതാണ്.

ലോക ക്രൈസ്തവരുടെ മദ്ധ്യത്തിൽ സുവിശേഷവൽക്കരണത്തിനു ആധുനിക മാധ്യമ ഉപയോഗത്തിൽ ഏറ്റവും പുറകിൽ നിൽക്കുന്നത് നമ്മുടെ സമൂഹമാണെന്നത് ഒരു അപ്രിയ സത്യമാണ്. പ്രത്യേകിച്ച് ഇന്ത്യയിലെ ബ്രദറൺകാർ. കഴിഞ്ഞ നാളുകളിൽ നമ്മുടെ മദ്ധ്യത്തിൽ പ്രവർത്തിച്ചിരുന്ന പല മാധ്യമ പ്രസ്ഥാനങ്ങളും അന്യം നിന്നുപോകയോ ഊർദ്ധശ്വാസം വലിക്കുകയോ ചെയ്യുകയാണ്. എന്താണ്, എവിടെയാണ് നമുക്കു പിഴച്ചത്? ആരാണിതിന്റെ കാരണക്കാർ? ഇതു തിരിച്ചറികയും ഉണർന്നു പ്രവർത്തിക്കുകയും ചെയ്തില്ലെങ്കിൽ ദൈവം നമുക്കു നൽകിയ അവസ്സരങ്ങളെ ഉപയോഗിക്കാഞ്ഞതിൽ നാം കുറ്റക്കാരാകും.

ഭാരതത്തിലെ മറ്റു ക്രിസ്തീയ പ്രസ്ഥാനങ്ങളിൽ പലരും കാലാകാലങ്ങളിൽ ലഭ്യമായിരുന്ന മാധ്യമങ്ങൾ ഉപയോഗിക്കുന്നതിനു മുൻപു തന്നെ അതിനായി മുമ്പോട്ടിറങ്ങിയവരാണ് ബ്രദറൺകാർ. എന്നാൽ അവയുടെയൊക്കെ ഇന്നത്തെ സ്ഥിതിയെന്താണെന്നു നാമറിയണം.

ഇന്ത്യയിലെ സുവിശേഷ വിഹിത സഭകളുടെ ഇടയിലെ ആദ്യ ക്രൈസ്തവ സാഹിത്യ പ്രസ്ഥാനമായിരുന്നു 1939 –ൽ മുംബൈയിൽ പ്രവർത്തനമാരംഭിച്ച ഗോസ്പൽ ലിറ്ററേച്ചർ സർവ്വീസ് (ജി എൽ എസ്). ഇന്നു നിത്യതയിൽ വിശ്രമിക്കുന്ന ബ്രദറൺ മിഷനറി ഹാൻലി ബേർഡ് 1932 –ൽ ബോംബെയിലെത്തി ബോംബെയിലെ ആദ്യ ബ്രദറൺ കൂടിവരവാരംഭിച്ചു. 1939 –ൽ അദ്ദേഹത്തിന്റെ ആവശ്യപ്രകാരം അച്ചടി വിദഗ്ദനായിരുന്ന മിഷനറി വിൽഫ്രെഡ് സിഡ്നി ഡർഹം ബോംബെയിലെത്തി സുവിശേഷ ലഘുലേഖകൾ പ്രസിദ്ധീകരിക്കുവാനാരംഭിച്ചു. ഇതാണ് പിന്നീട് 'ജി എൽ എസ്സ്' ആയി അറിയപ്പെട്ടത്. ഇത് മുംബെയിലെ ഫോർട്ട് അസ്സംബ്ലിയുടെ കെട്ടിടത്തിലാണ് പ്രവർത്തിച്ചു വന്നത്. പിന്നീട് ജി എൽ എസ്സിന് ആവശ്യമായ എല്ലാ ഭൗതീക ക്രമീകരണങ്ങളും ലഭിക്കുവാൻ കർത്താവു കൃപ ചെയ്തു. കഴിഞ്ഞ 79 വർഷങ്ങളിലെ പ്രവർത്തനത്തിൽ 2011 വരെ ജി എൽ എസ് തികച്ചും ബ്രദറൺ സഭകളുടെ മാത്രം ചുമതലയിലായിരുന്നു പ്രവർത്തിച്ചത്. മാത്രമല്ല അതിന്റെ സ്ഥാപകരുടെ പ്രഖ്യാപിത ഉദ്ദേശങ്ങളിൽ നിന്നും വ്യതിചലിക്കാതെ മുമ്പോട്ടു പോയി. എന്നാൽ 1995 കാലഘട്ടത്തോടെ ഇത് സുവിശേഷ കാഴച്ചപ്പാടില്ലാത്ത ചില ബിസിനസ്സ് മുതലാളിമാരുടെ കൈകളിലെത്തപ്പെടുകയും അതു വരെ ചെയ്തു വന്ന സുവിശേഷ പ്രവർത്തനത്തിനും ദൈവജനത്തിന്റെ ആത്മീക ഉദ്ധാരണത്തിനുമായി പ്രവർത്തിച്ചു വന്ന ഈ പ്രസ്ഥാനം ഉദ്ദേശത്തിൽ നിന്നും വ്യതിചലച്ചു. ദൈവജനത്താൽ ലഭ്യമായി പ്രവർത്തിച്ച കെട്ടിങ്ങളിൽ പലതും വിറ്റു, ലഭിച്ച പണം മ്യൂച്ചൽ ഫണ്ടിലും മറ്റും നിക്ഷേപിച്ചിരിക്കുന്നു. കൂടാതെ ശേഷിക്കുന്ന പല കെട്ടിടങ്ങളും അക്രൈസ്തവർക്കു വാടകയ്ക്കു നൽകി അതിലൂടെ ലഭിക്കുന്ന പണവും ബാങ്കുകളിൽ നിക്ഷേപിക്കുകയാണ്. ഒരിക്കൽ ഇന്ത്യയിലെ മുൻനിര ക്രിസ്തീയ പ്രസ്സുകളിലൊന്നായിരുന്ന ജി എൽ എസ്സിന്റെ പ്രസ് നാമമാത്രമായി പ്രവർത്തിക്കുന്നു. ചില ട്രാക്റ്റുകളും ഹാർവെസ്റ്റിന്റെ ഏതാനും കോപ്പികളും അച്ചടിക്കുന്നു.

4

# പ്രതികരണവേദി

**കഴിഞ്ഞ** ലക്കത്തിലെ എഡിറ്റോറിയലിനു നേരിട്ടും മെയിൽ വഴിയായും ഫോണിലൂടെയും ലഭിച്ച പ്രതികരണം അസൂയാവഹമായിരുന്നു. എന്നാൽ വാട്ട്സാപ്പിലൂടെ ലഭിച്ച ഒരു (ഓഡിയോ ക്ലിപ്പ്) പ്രതികരണത്തിൽ ആത്മീയ ഭാഷ പോലും കാണാനായില്ല. അതെവിടെ നിന്നും വന്നുവെന്ന് വായനക്കാരിൽ മിക്കപേർക്കും തിരിച്ചറിയുവാനാകും. എന്തായാലും പ്രതികരണങ്ങൾ ഉണ്ടാകുന്നു എന്നതിൽ ഞങ്ങൾക്ക് സന്തോഷമുണ്ട്. ദൈവജനം കാര്യങ്ങൾ മനസിലാക്കുന്നു എന്നു തിരിച്ചറിയുകയും ചെയ്യുന്നു.
തുടർന്നും പ്രതികരണങ്ങൾ പ്രതീക്ഷിക്കുന്നു

**പബ്ലീഷർ**

**പ്രി**യ പത്രാധിപർക്ക്,
സാന്ത്വനം മുടക്കം കൂടാതെ ലഭിക്കുന്നുണ്ട്. അതിന് പ്രത്യേകം നന്ദി അറിയിക്കുന്നു. സാന്ത്വനത്തിൽ വരുന്ന വിഭവങ്ങൾ വ്യത്യസ്തത പുലർത്തുന്നു. കഴിഞ്ഞ ലക്കത്തിലെ എഡിറ്റോറിയൽ വളരെ നന്നായി. സുവിശേഷ രണാംഗണത്തിൽ പ്രവർത്തിക്കുന്നവരെ നിരുത്സാഹപ്പെടുത്തുക എന്നത് ശത്രുവിന്റെ എക്കാലത്തെയും വജ്രായുധമാണല്ലോ? അതെന്നും ഉണ്ടാകും.
ദൈവസഭയുടെ പ്രവർത്തനത്തിന്റെ തുടക്കത്തിൽ പുറമേ നിന്നുണ്ടായ പ്രതിസന്ധികൾ കൊണ്ടു അതിന്റെ പ്രവർത്തനത്തെ തകർക്കുവാൻ കഴിയില്ലെന്നു മനസിലാക്കിയ ശത്രു പിന്നീട് ചെയ്തത് അകത്തു നിന്നു തന്നെ കള്ള സഹോദരന്മാരാൽ പീഡ ഉണ്ടാക്കുകയാണ് ചെയ്തത്. നിങ്ങളുടെ ഇടയിൽ നിന്നു തന്നെ എഴുന്നേൽക്കും എന്ന് പൗലൊസ് പ്രവൃത്തി പുസ്തകത്തിൽ നൽകുന്ന മുന്നറിയിപ്പും അതാണ്. എന്നാൽ കഴിഞ്ഞ ലക്കം എഡിറ്റോറിയൽ സുവിശേഷ രംഗത്തു നിസ്തുല്യമായി പ്രവർത്തിക്കുന്ന ദൈവദാസന്മാർക്കുള്ള ആദരവായി കണക്കാക്കുന്നു.
**ഒരു സുവിശേഷകൻ.**
(റാന്നിയിലെ അറിയപ്പെടുന്നൊരു സുവിശേഷകനാണിദ്ദേഹം. വിവാദങ്ങൾക്കില്ല എന്നതു കൊണ്ട് പേരു പ്രസദ്ധീകരിക്കരുതെന്നാവശ്യപ്പെട്ടു. എഡിറ്റർ)

സാന്ത്വനം എഡിറ്റർക്ക്,
കഴിഞ്ഞ ലക്കത്തിലെ പത്രാധിപലേഖനം ഞങ്ങളുടെ ഹൃദയത്തിനുണ്ടായ മുറിവിൽ പുരട്ടിയ മരുന്നായി എന്നു പറയട്ടെ. സുവിശേഷ വിരോധികൾ പുറത്തു നിന്നുള്ളതിനേക്കാൾ അകത്തു തന്നെയാണെന്നതിൽ സംശയമില്ല. ഏതു വിധേനയും സുവിശേഷം അറിയിക്കുവാൻ മുന്നോട്ടു വരുന്നവരെ പ്രോത്സാഹിപ്പിച്ചില്ലെങ്കിലും നിരുത്സാഹപ്പെടുത്തുന്നതു ഒരിക്കലും ശരിയല്ല. എന്തുകൊണ്ട് ഒന്നര

3

# കാര്യവിചാരം




തിരുവല്ലയിൽ നിന്നും ഒരു സഹോദരൻ അയച്ചത്

## അവസ്സരം

ക്രിയാത്മകമായ പ്രതികരണത്തിന് ഫലിതം ക്ഷണിക്കുന്നു. വിഷയങ്ങളുടെ വ്യക്തമായ തെളിവുകളോടെ, അയയ്ക്കുന്ന ആളിന്റെ വിലാസവും ഫോൺ നമ്പരുമുൾപ്പടെ അയയ്ക്കുക. ഉചിതമായവ തിരഞ്ഞെടുത്ത് അയച്ച ആളിന്റെ പേരുൾപ്പടെ പ്രസിദ്ധീകരിക്കുന്നതാണ്. പേരു വേണ്ടെങ്കിൽ പ്രത്യേകം സൂചിപ്പിക്കുക.

# ശോഭാപരിപൂർണ്ണ കാന്ത!



**റ്റി കെ വാസുദേവൻ
പെരിങ്ങോട്**

**ആ**ത്മീയ ചരിത്രത്തിൽ, തന്നെ അനുഗമിക്കുന്നവർക്കായി ദൈവം ധാരാളം അടയാളങ്ങൾ നൽകിയിട്ടുണ്ട്. അവ മലകളായും താഴ്വരകളായും കൽക്കൂനകളായും കൽത്തൂണുകളായും യാഗപീഠങ്ങളായും നിലനിൽക്കുന്നു. മാനവരാശിയുടെ ആത്മീക പ്രകാശം പൊഴിക്കുന്ന വിളക്കുകൾ. അവ ഇന്നും പ്രകാശകിരണങ്ങൾ പൊഴിക്കുന്നു. ആ നിലയിൽ ചിന്തിച്ചാൽ തന്റെ കാന്തയാകുന്ന സഭ സ്ഥാപിക്കുന്നതിന് എത്രയോ മുൻപ്തന്നെ അതിന്റെ ചൂണ്ടുപലകകൾ ദൈവം സ്ഥാപിച്ചിരുന്നു. അതിലെ മുൻകുറികൾ ദൈവത്തിനു നമ്മോടുള്ള സ്നേഹത്തിന്റെയും കരുതലിന്റെയും അടയാളങ്ങൾ പേറുന്നു.

ആബീബ് മാസം 14 -ാം തീയതി അർദ്ധരാത്രിയിൽ അറുക്കപ്പെട്ട പെസഹാക്കുഞ്ഞാടിന്റെ രക്തം മു ഖേന മിസ്രയീമിൽ നിന്ന് തന്റെ ജനത്തെ ദൈവം പുറപ്പെടുവിച്ച് കൊണ്ടു വന്നത് ഒരു സഭയായി തന്നെയായിരുന്നു (പുറ 12:37–41). ആകയാൽ ഇന്നത്തെ സഭയ്ക്കു പ്രയോജനപ്പെടുന്ന നിലയിലുള്ള പല കരുതലുകളും ഉപദേശങ്ങളും അന്നത്തെ നിഴൽ സഭയിൽ കാണാവുന്നതാണ്. സഭ എന്ന ദൈവത്തി ന്റെ കൈപ്പണിയുടെ മഹത്വം മനസിലാക്കുമ്പോഴാണ് ദൈവീക കരുതലിൽ നാം വിസ്മയിച്ചു പോകുന്നത്. ഫറവോന്റെ അടിമനുകത്തിൽ ഉഴലുന്ന യിസ്രായേൽ ജനത്തെ പുറപ്പാട് പുസ്തകത്തിൽ പ്രതിപാദിക്കപ്പെടുന്ന ഏറിയ അത്ഭുതങ്ങൾക്കും ശേഷം ദൈവം ഒരു സഭയായി നിർത്തിയതുകൊണ്ടാണ് സമാഗമനകൂടാരത്തിന്റെ പണിയിൽ അവർക്ക് പങ്കാളിത്തം ലഭിച്ചത് (പുറ 38:25). അവർ അതിനുവേണ്ടി സമാഹരിച്ചതും സമർപ്പിച്ചതുമായ ദ്രവ്യത്തിന്റെയും അളവ് നോക്കിയാൽ സഭയായി ദൈവത്തിന്റെ ഇംഗിതത്തിനു അവർ എത്രമാത്രം വിലകൊടുക്കുന്നു എന്നു മനസിലാക്കാം. പുതിയ നിയമ സഭയ്ക്കു ഇതു ഒരു അടയാളമായിരിക്കുന്നു.

ലേവ്യാപുസ്തകത്തിലേക്കു വരുമ്പോൾ സഭയായുള്ള പാപപരിഹാരാർത്ഥം ഒരു കാളയെ അറുക്കുന്നതും അഭിഷക്തനായ പുരോഹിതൻ അതിന്റെ രക്തം എടുത്ത് സമാഗമനകൂടാരത്തിന്റെ തിരശ്ശീലയ്ക്കു മുമ്പിൽ ഏഴു പ്രാവശ്യം തളിച്ച് സഭയുടെ പാപത്തിനുവേണ്ടി യാഗം അർപ്പിക്കുന്നു (പുറ4:1321). നിത്യമായ പാപപരിഹാരം തരാത്ത യാഗങ്ങൾ എങ്കിലും മനുഷ്യന്റെ പാപപരിഹാരത്തിന് ഒരു യാഗം ആവശ്യമാണെനന്നതിലേക്ക് അത് വിരൽ ചൂണ്ടുന്നു. യുഗങ്ങൾക്കപ്പുറത്ത് പിതാവായ ദൈവത്തിന്റെ ഹിതം നിവർത്തിക്കുവാൻ അതുവരെ സധിക്കാത്ത മനുഷ്യന്റെ പാപപരിഹാരം സാധിക്കുവാൻ തന്റെ ഓമനക്കുമാരനായ യേശുക്രിസ്തുവിനെ പാപയാഗമായി ക്രൂശിൽ അർപ്പിച്ചു. ഈ വിശുദ്ധ രക്തം മുഖേനയാണ് തന്റെ കാന്തയ്ക്ക് വിശുദ്ധിയും നിത്യരക്ഷയും കൈവന്നത്. പഴയനിയമത്തിലെ അനേക യാഗങ്ങൾ വിരൽ ചൂണ്ടിയ പരമ യാഗമായിരുന്നു അത്.

വിശുദ്ധീകരണത്തിന്റെ അടയാളമായി പുരോഹിതന്മാർ ഏൽക്കേണ്ടുന്ന ശുശ്രൂഷകളെ ലേവ്യാ 8-ൽ വളരെ വ്യക്തമായി രേഖപ്പെടുത്തിയിരിക്കുന്നു. ദൈവത്തോടൊത്തുള്ള വാസത്തിനു വിശുദ്ധി അത്യന്താപേക്ഷിതമായിരുന്നു. കാരണം ദൈവം വിശുദ്ധിയിൽ സമ്പൂർണ്ണനായിരുന്നു. വിശുദ്ധി കൂടാതെ ദൈവത്തെ പ്രസാദിപ്പിക്കുവാൻ സാധിക്കില്ല. ആകയാൽ മോശെ അഹരോനെ ധാരാളം വെള്ളം കൊണ്ടു കഴുകി. താൽക്കാലികമെങ്കിലും വെള്ളത്താലുള്ള വിശുദ്ധീകരണം ശുശ്രൂഷകർക്ക് ആവശ്യമായിരുന്നു. അതിനുശേഷം പുരോഹിത വസ്ത്രവും അടയാള ചിഹ്നവും ധരിച്ച് മോശെയുടെ മുൻപിലെത്തിയ അഹരോനെ കൂടാരവും യാഗപീഠവും ശുദ്ധീകരിച്ച അതേ അഭിഷേകതൈലം കൊണ്ട് അഭിഷേകം ചെയ്തു.

ദൈവീക ശുശ്രൂഷകൾക്കായി തിരഞ്ഞെടുത്തു മുതൽ അഹരോൻ ദൈവത്തിന്റെ വകയായി. അന്നു സഭയായി അനുഷ്ഠിച്ച ഈ അനുഷ്ഠാനം പുതിയനിയമ സഭയിലേക്കു പ്രവേശിച്ച് നമ്മിലേക്കു തന്നെ വിരൽ ചൂണ്ടുന്നു. പുരോഹിതന്മാർ തങ്ങളുടെ ശരീരങ്ങളെ ദൈവത്തിനു യാഗമായി പ്രതിഷ്ഠിക്കയാണ് ചെയ്തിരുന്നത് (റോമ 12:1,2). നിന്നെ ആനന്ദതൈലം കൊണ്ട് അഭിഷേകം ചെയ്തിരിക്കുന്നു... (എബ്രാ 1:9). പൗരോഹിത്യ ശുശ്രൂഷയുടെ വിശുദ്ധിയും വേരപാടും വളരെ വ്യത്യസ്തമായി ഇവിടെ പ്രതിപാദിക്കുന്നു.

പുതിയ യിസ്രായേലായ നാം അധരഫലമെന്ന യാഗം അർപ്പിച്ച് (എബ്രാ 13:15) ദൈവത്തെ മഹത്വപ്പെടുത്തുന്ന പുരോഹിത വർഗ്ഗമാണ് (1പത്രൊ 2:9). അഹരോന്റെ പൗരോഹിത്യത്തിലേക്കുള്ള തിരഞ്ഞെടുപ്പിലെ അടയാളങ്ങൾ പുതിയനിയമ സഭയിലെ അംഗങ്ങളായ നമ്മുടെ തിരഞ്ഞെടുപ്പിലേക്ക് എത്രമാത്രം വെളിച്ചം വീശുന്നു എന്നത് വളരെ അത്ഭുതകരമാണ്. ഇത്തരത്തിൽ കർത്താവ് വരുവാനിരുന്ന തന്റെ കാന്തയെ ഈ ലോകത്തിനു മുന്നിൽ ഒരുക്കി. സംഖ്യാ 16 -ൽ വിവരിക്കുന്ന സംഭവ വികാസങ്ങൾ സഭയോടുള്ള ബന്ധത്തിൽ മറ്റൊരു സൂചനയാണ്. പുറമെ നോക്കുമ്പോൾ ഘോരത്വമെന്ന് താന്നാമെങ്കിലും ദൈവത്തിന്റെ വിശുദ്ധിയുടെ കാഴ്ചയോട് ചേർന്നു ചിന്തിക്കുമ്പോഴാണ് പഴയനിയമ സഭയിൽ അന്തർലീനമായിരുന്ന കൃപായുഗ സഭയ്ക്കുള്ള മാതൃകയെ നമുക്കു കാണാൻ കഴിയുന്നത്. പുരോഹിതന്മാർക്കുണ്ടായിരിക്കേണ്ട വിശുദ്ധി എത്രമാത്രം വിലയേറിയതായിരുന്നുവെന്ന് നാം മനസിലാക്കണം. “ധൂപകലശം എടുത്ത് നാളെ യഹോവയുടെ മുമ്പിൽ അതിൽ തീയിടുവിൻ, യഹോവ തിരഞ്ഞെടുക്കുന്നവൻ തന്നെ വിശുദ്ധൻ” (സംഖ്യ 16:7). പാപം നിമിത്തം അശുദ്ധരായിത്തീർന്ന കോരഹും കൂട്ടരും തെളിയിച്ചത് അന്യാഗ്നിയായിരുന്നു. ദൈവത്തിന്റെ കോപാഗ്നിയിൽ അവർ ദഹിക്കപ്പെട്ടു. അവരോട് ചേർന്നു നിന്ന 250 പേർ ഭൂമി പിളർന്ന് വിഴുങ്ങി. ഇന്നത്തെ ദൈവ സഭയുടെ പുരോഹിതന്മാരായ നമ്മുടെ വിശുദ്ധി ഇവിധം ശോധന ചെയ്യപ്പെട്ടാൽ എന്തായിരിക്കും അവസ്ഥ? എന്നാൽ മത്സരികളേപ്പോലെ തന്നെ അഹരോനും തന്റെ വിളിയും തിരഞ്ഞെടുപ്പും ഒന്നു പരിശോധിക്കുവാൻ ലഭിച്ച അവസ്സരമായി അതു മാറിയെന്നും, പിന്നീട് ദൈവസന്നിധിയിൽ നിൽക്കുമ്പോൾ ഈ ഓർമ്മ തനിക്ക് ഉണ്ടായിരുന്നു എന്നു കരുതാം.

ഏതു കാലഘട്ടത്തിലെ സഭയായലും അതിന്റെ ആഭരണം വിശുദ്ധിയാണ്. തന്റെ കന്തയിൽ കർത്താവ് ആഗ്രഹിക്കുന്നതും ഈ വിശുദ്ധിയാണ്. ആത്മീയ ചരിത്രത്താളുകളിൽ തങ്കലിപികളിൽ എഴുതിച്ചേർത്ത ദൈവീക വിശുദ്ധി. നമ്മുടെ ദൈവം അന്നും ഇന്നും ദഹിപ്പിക്കുന്ന അഗ്നിയാണ് (എബ്രാ 12:29). ഇതിനോട് ചേർത്ത് സംഖ്യ 19:20 കൂടി ചേർക്കേണ്ടതുണ്ട്. ആരെങ്കിലും അശുദ്ധനായിത്തീർന്നിട്ട് തന്നെത്താൻ ശുദ്ധീകരിക്കാഞ്ഞാൽ അവനെ സഭയിൽ നിന്നു ഛേദിച്ചു കളയണം, അവൻ യഹോവയുടെ വിശുദ്ധമന്ദിരം അശുദ്ധമാക്കി''. തങ്ങളുടെ നടപ്പ്, ജീവിതം, നിലപാടുകൾ ഇവകൊണ്ട് സഭയെ അശുദ്ധമാക്കുന്നവനേ, ഈ ചൂണ്ടുപലക നിന്നിലേക്കാണോ? ചൂണ്ടപലക വിശുദ്ധിയിലേക്കാണ്.

ദൈവസഭയെ പരിപാലിക്കുവാൻ വിളിക്കപ്പെട്ടവർ എങ്ങനെ അതിന്റെ അദ്ധ്യക്ഷത വഹിക്കണമെന്നും ശുശ്രൂഷാ മേഖലയിൽ നിൽക്കേണ്ടതെന്നും കാലഭേദമെന്യേ വ്യക്തമാക്കുന്നതാണ് സംഖ്യാ 20:7 മുതലുള്ള സംഭവവികാസങ്ങൾ. ദാഹജലത്തിനായി കലഹിക്കുന്ന ജനത്തിനു വേണ്ടി വെള്ളം പുറപ്പെടുവിക്കുവാൻ പാറയോട് കൽപ്പിക്കുവാനാണ് ദൈവം അരുളിച്ചെയ്തത്. എന്നാൽ താൻ അദ്ധ്യക്ഷം ചെയ്ത് നടത്തിക്കൊണ്ടു വന്ന ജനത്തിന്റെ ആത്മീയ ജീർണ്ണത നിമിത്തം കോപിഷ്ഠനായ മോശെ പാറയോട് കൽപ്പിക്കുന്നതിനു പകരം ദൈവം നൽകിയ വടികൊണ്ട് പാറയെ അടിക്കയാണ് ചെയ്തത്. ഒന്നല്ല, രണ്ടു പ്രാവശ്യം. മാത്രമല്ല, ദൈവത്തിനു കൊടുക്കേണ്ട മഹത്വം കൊടുക്കാതിരുന്നതും വിനയായി (സംഖ്യ 20:10). പുതിയനിയമ സഭയിലെ ശുശ്രൂഷകൻ അഥവാ അദ്ധ്യക്ഷൻ എങ്ങനെ വർത്തിക്കണമെന്നും അവരുടെ മനോഭാവം എ പ്രകാരമായിരിക്കണമെന്നും ഇതോർപ്പിക്കുന്നു.

താൻ അദ്ധ്യക്ഷത ചെയ്യുന്ന ജനത്തിന്റെ പ്രവൃത്തി നിമിത്തം പ്രകോപിതനായ മോശെയേപ്പോലെ (20:13) ദൈവകൽപ്പനയ്ക്ക് നിരക്കാത്തത് പ്രവർത്തിക്കരുത്. അതിനു നൽകേണ്ടി വന്നത് എത്രയോ വലിയ വിലയായിരുന്നുവെന്ന് ഓർത്തിരിക്കുന്നത് നല്ലതാണ്.

കോപത്തിലാണെങ്കിലും പാറയെ അടിച്ചതിലൂടെ തന്റെ അവിശ്വാസത്തിനു അടിവരയിടുകയാണുണ്ടായത്. അടിക്കപ്പെട്ട പാറ ക്രൂശിക്കപ്പെടേണ്ട ക്രിസ്തുവായിരുന്നുവല്ലോ? ഒരിക്കൽ ഈ പാറ അടിക്കപ്പെട്ടതാണ് പുറ 17:6). വീണ്ടും പാറയെ അടിച്ചതിലൂടെ ക്രിസ്തുവിനെ വീണ്ടും വീണ്ടും ക്രൂശീകരിക്കുന്നവരുടെ കൂടെ താനും എണ്ണപ്പെട്ടു. ദയനീയവും ആപൽക്കരവുമായ പതനം. ഇത് ഇന്നും ആവർത്തിക്കപ്പെട്ടു കൊണ്ടിരിക്കുന്നു. പരിപാലനത്തിന്റെയും അതിലുണ്ടായിരിക്കേണ്ട സൗമ്യതയിലേക്കും വിരൽ ചൂണ്ടുന്നു. അദ്ധ്യക്ഷന്മാരുടെയും സുവിശേഷ പ്രവർത്തകരുടെയും ശുശ്രൂഷയോടുള്ള ഗൗരവം ഇതോർ പ്പിക്കുന്നു. ദൈവം പറഞ്ഞതു ചെയ്യുക; പറഞ്ഞതു മാത്രം. അതാണ് അഭികാമ്യം.

**തുടരും...**

---

2

നൂറ്റായിട്ടും നാം തുടങ്ങിയിടത്തുതന്നെ നിൽക്കുന്നു എന്ന ചോദ്യത്തിന്റെ ഉത്തരമാണിത്. അഭിപ്രായ വ്യത്യാസങ്ങളൊക്കെ സ്വാഭാവികമാണെങ്കിലും സുവിശേഷീകരണ രംഗത്തെങ്കിലും അന്യോന്യം കൈത്താങ്ങൽ നൽകുവാൻ കഴിയുമ്പോഴെ നമുക്കു വിജയമുള്ളു. സാന്ത്വനത്തിന് എല്ലാ ഭാവുകങ്ങളും നേർന്നുകൊണ്ട്

ഒരു കൂട്ടം സുവിശേഷകർ തിരുപനന്തപുരം.

സാന്ത്വനം പത്രാധിപ സമിതിക്ക്,

ഞാൻ **മനോജ് താന്നിക്കൽ**. ഒരു അക്രൈസ്തവ കുടുംബത്തിൽ നിന്നും കർത്താവു രക്ഷിച്ചു. ഞങ്ങളുടെ ദേശത്തും കുടുംബത്തിൽ നിന്നും കർത്താവിങ്കലേക്കു വന്നവരിൽ ആദ്യത്തെ ആളിലൊരാളാണ് ഞാൻ. ഇപ്പോൾ തിരുവല്ലയ്ക്കടുത്ത് നിരണത്തു താമസിച്ച് ഞാനും ഭാര്യയും ജോലി ചെയ്ത് കുടുംബം സംരക്ഷിക്കയും ചെയ്യുന്നതോടൊപ്പം, ഞാൻ 2012 മുതൽ നിരണം വെസ്റ്റ് ബ്രദറൺ സഭയിലെ ശുശ്രൂഷകന്മാരിൽ ഒരാളായി പ്രവർത്തിച്ചു പോരുന്നു.

രക്ഷിക്കപ്പെട്ടു മുമ്പോട്ടു വന്നപ്രായം തൊട്ടേ കർത്താവിനെ സാക്ഷിക്കുവാനുള്ള സമയം പ്രയോജനപ്പെടുത്തുവാൻ കർത്താവു സഹായിച്ചിരുന്നു. ലഭിക്കുന്ന സാഹചര്യത്തിൽ മാത്രമല്ല, സുവിശേഷവൽക്കരണത്തിനു ദൈവം നൽകുന്ന സമയവും പണവുമെല്ലാം ഉപയോഗിക്കുവാൻ കടപ്പെട്ടവരാണെന്ന തിരിച്ചറിവിൽ നിന്ന് കേരളത്തിന്റെ എല്ലാ ഭാഗങ്ങളിലും സുവിശേഷ യാത്ര നടത്തുവാൻ ആഗ്രഹമുണ്ടായപ്പോൾ പ്രസ്തുത വിവരം ഞാൻ സ്ഥലം സഭയിൽ പറയുകയും സഭ പൂർണ്ണ പിൻതുണ അറിയിക്കയും ചെയ്തു. അങ്ങനെ സ്ഥലം സഭയ്ക്ക് അക്കാര്യം സ്വീകാര്യമാകയും സഭയുടെ ചുമതലയിൽത്തന്നെ നടത്തിയ ഒരു പരസ്യയോഗ പ്രവർത്തനമാണ് വിമർശന വിധേയമായത്. സഭയുടെ ചുമതല വ്യക്തമായി ദൈവജനത്തെ അറിയിച്ചിരുന്നതുമാണ്. ആകയാൽ അതിനു മുമ്പിൽ നിന്ന എന്നെയല്ല, ഒരു സ്ഥലം സഭയെത്തന്നെയാണ് ആക്ഷേപിച്ചതെന്നാണ് ഞങ്ങളുടെ പക്ഷം. അപമാനിച്ചത് ഞങ്ങളെയല്ല, സുവിശേഷവൽക്കേരണമെന്ന ശുശ്രൂഷയെയാണ്.

തിരുപനന്തപുരം, കൊല്ലം, പത്തനംതിട്ട ജില്ലകളിലെ സഭകളുടെയും സുവിശേഷകന്മാരുടെയും സുവിശേഷ തൽപ്പരരായ വിശ്വാസികളുടെയും സഹകരണത്താൽ നന്നായി പ്രവർത്തിക്കുവാൻ സാധിച്ചു. യാതൊരു പ്രസിദ്ധിയും സാമ്പത്തിക ലാഭവും പ്രതീക്ഷിച്ചല്ല ചെയ്തത്. വളരെ ഫലപ്രദമായൊരു പ്രവർത്തനമായിരുന്നുവെന്ന് അതിൽ പങ്കെടുത്ത സഭകളിലെ സഹോദരന്മാരാണ് സാക്ഷ്യം.

എന്താണെങ്കിലും ആ പ്രവർത്തനം എന്നെന്നേക്കുമായി അവസാനിപ്പിക്കുവാൻ ചിലരെ പിശാചെടുത്തുപയോഗിച്ചുവെന്ന് ദു:ഖപൂർവ്വം അറിയിക്കട്ടെ. കാരണം പിന്നീട് സഭകളിൽ നിന്നും സഹോദരന്മാരിൽ നിന്നും വേണ്ടത്ര പിൻതുണ ലഭിച്ചില്ല. ആരോടും പരിഭവമില്ല. ഓരോരുത്തർക്കും വരം ലഭിച്ചതുപോലെ പ്രവർത്തിക്കട്ടെ. പ്രതിഫലവും വാങ്ങിക്കട്ടെ.

കർത്താവ് അനുവദിച്ചാൽ തുടർന്നും സുവിശേഷത്തിനു സാക്ഷിയാകുവാൻ ആഗ്രഹിക്കുന്നു. ദൈവജനത്തിന്റെ പ്രാർത്ഥന ക്ഷണിക്കുന്നു. ●

---

1 ഉണർവ്വ്

ക്ഷമിച്ച് കർത്തൃമേശയിൽ പങ്കുകാരാകണം. കേവലം ഒരു ചടങ്ങുപോലെ കർത്തൃമേശയെ കാണുന്ന സ്ഥിതിക്കു മാറ്റമുണ്ടാകണം. അത് ശാപകരാമാണ്. മുറുകെ പറ്റുന്ന പാപമോ, രഹസ്യ പാപമോ കൂടാതെ ജീവിത വിശുദ്ധിയിൽ കർത്തൃമേശ ആചരിക്കണം. ധാർമികവും സാന്മാർഗ്ഗികവും ആത്മീയവുമായ മൂല്യങ്ങൾ ജീവിതത്തിൽ സംരക്ഷിക്കുവാൻ വിശ്വാസികൾക്കു സാധിക്കണം (ഗലാ 5:16–24). കർത്തൃമേശയും ആരാധനയും ഒന്നാണെന്ന ധാരണയാണ് ഇന്ന് പലർക്കും ഉള്ളത്. പല പ്രാദേശിക സഭകളിലും കർത്തൃമേശ ആരാധനയായി കണ്ട് ചടങ്ങു തീർക്കയാണ്. ആരാധന എന്നു പറയുമ്പോഴും അതു സംബന്ധിച്ച യാതൊരു ബോദ്ധ്യവും അവർക്കില്ല എന്നതാണ് സത്യം.

5) പ്രാദേശിക സഭയിൽ പ്രതിസന്ധിയോ പ്രശ്നമോ ഉണ്ടായാൽ അതിനു വചനാനുസരണം പരിഹാരമോ ക്രമീകരണമോ ഉണ്ടാക്കണം. അന്യായത്തിനു കൂട്ടു നിന്ന് സഭയുടെ ആത്മീക അവസ്ഥയെ തകർക്കരുത്. സഭയെ പിളർത്തുവാനോ, പിളർപ്പു പോലെ പ്രവർത്തിക്കുവാനോ പാടില്ല. ആരെങ്കിലും സഭ വിട്ടു പോകുന്നതുകൊണ്ടോ സഭയിൽ നിന്നും പുറത്താക്കിയതുകൊണ്ടോ മറ്റൊരു കൂടിവരവുണ്ടാക്കുന്നതു കൊണ്ടോ അടിസ്ഥാനപരമായി പ്രശ്നം തീരുകയില്ലെന്ന യാഥർത്ഥ്യം നാം തിരിച്ചറിയണം. സഭ ക്രിസ്തുവിന്റെ മൗതിക ശരീരമാണ്. ഓരോ വിശ്വാസിയും സഭയാം ശരീരത്തിലെ അവയവങ്ങളും (1കൊരി 12:12–26) ക്രിസ്തു ആ ശരീരത്തിന്റെ ശിരസ്സുമാണ് (എഫെ 4:15). ഒരു അവയവത്തെ വെട്ടിമാറ്റുന്നതും അപമാനിക്കുന്നതും തരം താഴ്ത്തുന്നതും സഭയാം ശരീരത്തെ അപമാനിക്കലാണ്. ശിരസ്സായ ക്രസ്തുവിനെ അപകീർത്തിപ്പെടുത്തുകയാണ്. ഇത്തരം നിർഭാഗ്യകരമായ ഇടപെടലുകൾ മൂലം വിശ്വാസികൾ അസ്വസ്ഥരാണ്. തങ്ങൾക്ക് ആത്മീയ സുരക്ഷിതത്വം ഇല്ലെന്നു ചിന്തിക്കുന്നവരാണ്. ഈ അവസ്ഥയ്ക്കു മാറ്റം വരുത്തുവാൻ ഉത്തരവാദപ്പെട്ടവരുൾപ്പടെ എല്ലാവരും അന്യോന്യം സഹകരിച്ചേ മതിയാകൂ. ഒരവയവത്തെ വെട്ടി മാറ്റിയാൽ ശേഷിക്കുന്നത് എങ്ങനെ സഭയാകുമെന്ന ചിന്ത നമ്മെ ഭരിക്കട്ടെ.

6) പുതിയനിയമ സഭയ്ക്ക് ദൈവം നൽകിയിരിക്കുന്ന ക്രമം പാലിക്കുക. ദൈവസഭയ്ക്ക് കർത്താവു നൽകിയ വരദാനമാണ് ശുശ്രൂഷകന്മാർ (എഫെ 4:11). അപ്പൊസ്തലന്മാർ, പ്രവാചകന്മാർ, സുവിശേഷകന്മാർ, ഇടയന്മാർ, ഉപദേഷ്ടാക്കന്മാർ. ഇവരിൽ ആദ്യ രണ്ടു കൂട്ടർ അടിസ്ഥാനപ്പെട്ടിരിക്കുന്നു (എഫെ 2:20). ഇന്നു ശേഷിച്ചിരിക്കുന്ന ശുശ്രൂഷകന്മാർ ഒന്നു ചേർന്നു വേണം തുടർന്നുള്ള പണി നിർവഹിക്കുവാൻ.

മേൽപറയപ്പെട്ട ശുശ്രൂഷകന്മാരിൽ എതെങ്കിലും ഒരു വിഭാഗം ഇല്ലെങ്കിൽ സുഗമമായും കൃത്യമായുമുള്ള പണി സാദ്ധ്യമല്ല. ഓരോ സ്ഥലം സഭയിലും ഇതു കൃത്യമായും പാലിക്കപ്പെടണം. ദൈവത്താൽ നിയമിക്കപ്പെട്ട ശുശ്രൂഷകന്മാർ ഇല്ലാത്തതിനാൽ തിരുവെഴുത്തു ചൂണ്ടിക്കാണിക്കുന്ന സഭാപരിപാലന ക്രമം ഇന്നും നമ്മുടെയിടയിൽ ഒരു വിവാദ വിഷയമായി തുടരുന്നു.

ഇങ്ങനെ ഉണർവ്വിനു മുന്നൊരുക്കമായി പ്രാദേശിക സഭയിൽ ഉണ്ടാകേണ്ട അനേക കാര്യങ്ങൾ ഉണ്ട്. ശുദ്ധീകരണത്തിനും ശാക്തീകരണത്തിനും ആവശ്യമായ ക്രമീകരണങ്ങൾ. സ്ഥലം സഭയിലെ ശുശ്രൂഷകരും വിശ്വാസികളും ഒരുപോലെ ശ്രദ്ധിക്കേണ്ടവ. നാം ചിന്തിച്ചു വന്ന കാര്യങ്ങളുടെ എങ്കിലും ക്രമീകരണത്തിനു ഏവരും തയ്യാറാകുന്നുവെങ്കിൽ നമുക്ക് ഉണർവ്വ് അന്യമല്ല. ഉണർവ്വ് ഓരോ വിശ്വാസിയിലും കുടുംബങ്ങളിലും സ്ഥലം സഭകളിലും ഉണ്ടാകുമ്പോൾ അത് സമൂഹത്തെ ആകമാനം ആത്മീയ ഉണർവ്വിലേക്കു നയിക്കും. ഉണർവ്വെന്നത് വൈകാരിക തലത്തിലേക്ക് വലിച്ചു കൊണ്ടു പോകാതെ ദൈവവചനാടിസ്ഥാനത്തിലുള്ള ആത്മീയ പുതുക്കത്തിന് തയ്യാറാകേണ്ട സമയം അതിക്രമിച്ചിരിക്കുന്നു. ഇതു തിരിച്ചറിഞ്ഞു പ്രവർത്തിക്കുവാൻ കർത്താവു കൃപ നൽകട്ടെ എന്നു പ്രാർത്ഥിക്കാം.

SANDWANAM
AN INDEPENDENT SPIRITUAL MAGAZINE

അദ്ധ്വാനിക്കുന്നവരും ഭാരം ചുമക്കുന്നവരുമായുള്ളവരേ, നിങ്ങൾ എന്റെ അടുക്കൽ വരുവിൻ ഞാൻ നിങ്ങളെ ആശ്വസിപ്പിക്കും

VOL - 8 | ISSUE 2 | 2018 MARCH - APRIL | PAGE - 4 | SNIO KERMAL/2011/40311

2

ആത്മീയ കാഴ്ചപ്പാടുണ്ടായിരുന്ന ബോർഡംഗങ്ങളുടെ കയ്യിൽ നിന്നും അധികാര മോഹികളുടെ കയ്യിലെത്തിയതോടെ സുവിശേഷവൽക്കരണത്തിനും ദൈവജനത്തിനും ഏറെ പ്രയോജനപ്പെട്ടുകൊണ്ടിരുന്ന ഒരു പ്രസ്ഥാനത്തിന് ചരമഗീതം പാടാറായി. അതിന്റെ പ്രധാന കാരണം, തലമുറകളിലേക്ക് അതു കൈമാറുവാൻ ഈ അധികാര മോഹികൾ തയ്യാറാകാത്തതാണ്. നിസ്തുല്യമായ പ്രവർത്തനം കാഴ്ച വച്ചിരുന്ന ഒരു പ്രസ്ഥാനം അടുത്ത തലമുറകളിലേക്ക് കൈമാറുവാൻ തയ്യാറാകാത്തതിനാൽ അത് നശിച്ചു പോകുന്നതിൽ അവർക്ക് യാതൊരു കുണ്ഡിതവുമില്ലെന്നത് ദൈവജനത്തെ അതിശയിപ്പിക്കുന്നു. കഴിഞ്ഞ കാലങ്ങളിൽ ഇവരുടെ തെറ്റായ പ്രവണതകളെ ചൂണ്ടിക്കാണിക്കുവാൻ തയ്യാറായവരെ അനാത്മീയരായി ചിത്രീകരിക്കുവാൻ ഇവർ കാണിച്ചിട്ടുള്ള ആവേശം പ്രസിദ്ധമാണ്. എന്നാൽ ഇനിയും ദൈവജനം ഇക്കാര്യത്തിൽ ഉണർന്നു പ്രവർത്തിക്കുവാനോ ഇതിനെതിരെ ശക്തമായി പ്രതികരിക്കുവാനോ തയ്യാറാകുന്നില്ല. ഇതിലുള്ള നമ്മുടെ നിസ്സംഗത ഒരു നല്ല പ്രസ്ഥാനത്തിന്റെ അവസാനത്തിലേക്കു നയിക്കുമെന്നു തിരിച്ചറിയുക.

നമ്മുടെ ഇടയിൽ പ്രവർത്തിച്ചു വന്ന മറ്റൊരു പ്രസ്ഥാനമായിരുന്നു 'ലിവിംഗ് വാട്ടേഴ്സ്' എന്ന റേഡിയോ പരിപടി. 1932 -ൽ ഓൾ ഇന്ത്യ നിലവിൽ വന്ന് 20 വർഷം കഴിഞ്ഞപ്പോൾ മിഷനറി ഹറോൾഡ് മക്ഗ്രെഗർ ആരംഭിച്ച ഈ ശുശ്രൂഷ ബ്രദറൺ സമൂഹത്തിന്റെ മാത്രമല്ല, സുവിശേഷ വിഹിത സഭകളുടെ തന്നെ അഭിമാനമയിരുന്നു. ശ്രീലങ്കയുടെ സിലോൺ പ്രക്ഷേപണ നിലയത്തിൽ നിന്നായിരുന്നു അതിന്റെ സംപ്രക്ഷേപണം. എന്നാൽ ഇന്ന് ഹിന്ദിയിലെ ഒരു റേഡിയോ പരിപാടി ഒഴികെ മറ്റൊന്നും നടക്കുന്നില്ല എന്നാണ് അറിയുന്നത്. ഇത് നമ്മുടെ മാധ്യമ ഉപയോഗത്തിലെ പരാജയത്തിന്റെ മറ്റൊരു ഉദാഹരണമാണ്.

എവിടെയാണ് നമുക്കു പാളിച്ച സംഭവിക്കുന്നത്? മാധ്യമങ്ങളുടെ ഉപയോഗത്തോടു കൂടെ സുവിശേഷവർക്കരണം നടത്തുന്ന അനേകരുമായി ഈ വിഷയം സംവദിച്ചപ്പോൾ മനസിലാക്കുവാൻ കഴിഞ്ഞ കാര്യങ്ങൾ ഇവിടെ കുറിക്കുന്നു:

റേഡിയോയ്ക്കു ശേഷം റ്റി വി വിപുലമായ നിലയിൽ പ്രാപല്യത്തിൽ വന്നപ്പോൾ അന്നത്തെ ആധുനിക മാധ്യമമെന്ന നിലയിൽ അതുപയോഗിക്കുവാൻ ആഗ്രഹിച്ച പലർക്കും ദൈവജനത്തിന്റെ ഭാഗത്തു നിന്നും ലഭിച്ചത് പിന്തിരിപ്പൻ അനുഭവങ്ങളായിരുന്നു. പിന്നീട് ഇന്റർനെറ്റ്, വെബ്സൈറ്റുകൾ വന്നപ്പോൾ അതിലൂടെ സുവിശേഷവൽക്കരണത്തിനു മുതിർന്നവരെ, വെയിലും മഴയും കൊള്ളാതെ മീൻപിടിക്കുന്നവർ എന്നാക്ഷേപിച്ചവർ വരെയുണ്ട്.

മാത്രമല്ല, ഇന്നും വീടുകൾ കയറിയുള്ള സുവിശേഷ പ്രവർത്തനം മാത്രമാണ് കർത്താവ് വിഭാവനം ചെയ്തതെന്നു വാദിക്കുന്നവരും ഇല്ലാതില്ല. തീർച്ചയായും അതു ശ്രേഷ്ഠമായ ശുശ്രൂഷയാണ്. എന്നാൽ എന്നാൽ കാലാകാലങ്ങളിൽ ലഭിക്കുന്ന മാധ്യമങ്ങളിലൂടെ ശത്രു സുവിശേഷത്തിനെതിരെയും മനുഷ്യരുടെ ആത്മീകാധപ്പതനത്തിനും കളമൊരുക്കുമ്പോൾ നാം ഇന്നും വിശാല ഹൃദയരായിട്ടില്ലെന്നതാണ് സത്യം. മറ്റുള്ളവർക്കും നമുക്കും ഇതിലുള്ള വ്യത്യാസം വളരെയാണ്. സമസൃഷ്ടികൾ നശിച്ചു പോകുന്നതിൽ നമുക്കുള്ള ആശങ്ക വെളിപ്പെടുത്തുന്നതാണ് അത്.

ഇന്ന് ഇന്ത്യൻ സുവിശേഷ രംഗത്ത് വ്യാപകമയി പ്രവർത്തിക്കുന്ന സംരംഭമാണ് 'ട്രാൻസ് വേൾഡ് റേഡിയോ' (റ്റി ഡബ്ല്യു ആർ). 1977 -ൽ ഇന്ത്യയിൽ പ്രവർത്തനമാരാംഭിച്ച റ്റി ഡബ്ല്യു ആർ ഇന്ന് ഇന്ത്യയിലെ മികച്ച ക്രിസ്തീയ മാധ്യമ ശൃംഗലയാണ്. നാൽപ്പതു വർഷം മുൻപ് അഞ്ചു ഭാഷകളിൽ റേഡിയോ പ്രക്ഷേപണം ആരംഭിച്ച് ആദ്യത്തെ മൂന്നാഴ്ച്ചയ്ക്കുള്ളിൽ 75000 അന്വേഷണക്കത്തുകളാണ് ലഭിച്ചത്. ഇന്ന് നൂറ്റിയെട്ട് ഭാഷകളിലായി വിവിധ നിലയിലുള്ള പ്രവർത്തനങ്ങൾ നടക്കുന്നു. എന്താണ് ഈ വിജയത്തിനു പിന്നിൽ എന്നു നാമറിയണം.

നഷ്ടപ്പെടുന്ന സമസൃഷ്ടികളെക്കുറിച്ചുള്ള ചിന്തയാണ്ഏതു ശുശ്രൂഷയ്ക്കും ആവശ്യമുള്ളത്. സമർപ്പണമുള്ള നേതൃനിരയാണ് മറ്റൊരു പ്രധാന ഘടകം. ശുശ്രൂഷ കേവലം പദവിയായി കാണുന്നതിനു പകരം അതിനായി തങ്ങളേത്തന്നെ ഏൽപ്പിച്ചു കൊടുത്തവർക്കേ അതിൽ വിജയിക്കുവാൻ സാധിക്കൂ. വിദേശ മിഷനറിമാർ വരെ അതിന്റെ മുഴുസമയ കോഡിനേറ്റർമാരായി പ്രവർത്തിക്കുവാൻ മുൻപോട്ടു വന്നു. ആദ്യ ഇന്ത്യൻ ഡയറക്ടർ ഡോ. എമിൽ ജെബസിംഗിന്റെ പ്രവർത്തനം ഇതിന്റെ വളർച്ചയ്ക്കു മുതൽക്കൂട്ടായിരുന്നു.

ഭാരത സർക്കാർ രാജ്യത്തെ റേഡിയോ പ്രക്ഷേപണം പൊതു പരിപാടിയായി അംഗീകരിച്ചതോടെ ഇന്നുവരെയും മതപരമായ വിഷയങ്ങൾക്കു റേഡിയോ ഉപയോഗിക്കുവാൻ അനുവാദമുണ്ട്. അതുപോലെ റ്റി വി തുടങ്ങിയ സംരംഭം ആവശ്യം പോലെ ലഭ്യമായതൊടെ അതും ഇങ്ങനെയുള്ള സുവിശേഷ പ്രചരണങ്ങൾക്കു മുതൽക്കൂട്ടായി. എന്നാൽ അവയെ യഥേഷ്ടം ഉപയോഗിക്കുന്നതിൽ കാണിക്കുന്ന ശുഷ്കാന്തി വളരെ പ്രധാനപ്പെട്ടതായിരുന്നു.

റ്റി ഡബ്ല്യു ആറിന്റെ പ്രവർത്തനങ്ങളുടെ വിജയത്തിനു മറ്റൊരു കാരണം, അവരുടെ വ്യക്തവും കൃത്യവുമായ പദ്ധതിയായിരുന്നു. അവരുടെ പ്രഖ്യാപിത പ്രവർത്തനങ്ങളുടെ വിശകലനം നൽകുന്ന ഒരു സുവനീർ പ്രസിദ്ധീകരിച്ചിട്ടുണ്ട്. അതിൽ നിന്നും മനസിലാക്കിയ ഒരു കാര്യം എടുത്തു പറയേണ്ടതുണ്ട്. 'സെവൻ വി ന്നിംഗ്സ് വേയ്സ്' ഏഴു വിജയ പാതകൾ എന്നൊരു ഫോർമുല അവർ മുന്നോട്ടു വയ്ക്കുന്നു. റേഡിയോ, വീഡിയോ, സമൂഹമാധ്യമം, മൊബൈൽ, ഡിജിറ്റിൽ മീഡിയ, വെബ്സൈറ്റ്സ്, പ്രിന്റിംഗ് എന്നീ മേഘലകളിൽ വിജയകരമായി ശുശ്രൂഷ ചെയ്തു പോരുന്നു. 66 ഭാഷകളിൽ റേഡിയോ പ്രക്ഷേപണവും 100 ഭാഷകളിൽ ഡിജിറ്റിൽ (സിഡി, എസ്ഡി തുടങ്ങിയവ) പ്രോഗ്രാമുകളുമുണ്ട്. ഇവയ്ക്കെല്ലാം സമർപ്പതരായ മികവുറ്റ പ്രവർത്തകരും അതാതു സമയം വേണ്ട നിർദ്ദേശം കൊടുക്കുവാൻ ആത്മീയരും സുവിശേഷ മനസ്സുമുള്ള വിനയാതിരായ നേതൃനിരയും ഇവർക്കുണ്ട്. റ്റി ഡ ബ്ല്യു ആർ നടത്തുന്ന ബൈബിൾ ക്യുസ് പ്രോഗ്രാമിൽ വിജയികളാകുന്നത് നമ്മുടെ സഭകളിൽ നിന്നുള്ളവരാണെന്നത് വൈരുദ്ധ്യമായിത്തോന്നാം.

കാലാകാലങ്ങളിൽ ഈ ശുശ്രൂഷ കൈമാറ്റം ചെയ്യപ്പെട്ടു എന്നതാണ് മറ്റൊരു വിജയ കാരണം. ഇത് ജീവിതാവസാനം വരെ കൊണ്ടു നടക്കേണ്ട പദവിയെന്നതിനെക്കാൾ പൗലൊസ്പ്പൊസ്തലൻ നിർദ്ദേശിച്ചിരിക്കുന്നതുപോലെ സാമർത്ഥ്യമുള്ള വിശ്വസ്ത മനുഷ്യരെ ഭരേമേൽപ്പിക്കുവാൻ അവർ തയ്യാറായിരുന്നു. ഈ മനോഭാവം നമ്മിൽ ഇല്ലാത്തതാണ് നമ്മുടെ പല ശുശ്രൂഷകളും പ്രവർത്തനങ്ങളും നശിച്ചു പോകുവാൻ കാരണം എന്നു നമുക്കു മനസിലാകുന്നില്ല. കേരളത്തിൽ പ്രവർത്തിച്ചു വന്ന ഗോസ്പൽ ട്രാക്റ്റ് സൊസൈറ്റിയുടെ പ്രവർത്തനവും ഊർദ്ധശ്വാസം വലിക്കുന്നതായി കേൾക്കുന്നു. ഇതൊന്നും ആശാസ്യമായ നിലപാടുകളല്ല.

സഹോദരങ്ങളെ, നമുക്കു ലഭിക്കുന്ന എല്ലാ മാധ്യമങ്ങളിലൂടെയും സുവിശേഷവൽക്കരണം നടത്തുവാൻ നാം തയ്യാറാകണം. മാത്രമല്ല, നമ്മുടെ മദ്ധ്യത്തിൽ നടന്നു വരുന്ന അത്തരം പ്രവർത്തനം അന്യംനിന്നു പോകാതിരിക്കണമെങ്കിൽ ശുശ്രൂഷ അർഹിക്കുന്ന പുതുതലമുറയെ കണ്ടെത്തി കൈ മാറുവാൻ ശ്രമിക്കണം. തങ്ങൾക്കു ലഭിച്ച ശുശ്രൂഷകളടെ നേതൃത്വം കേവലം പദവികളായി അവസാന ശ്വാസംവരെ കൊണ്ടു നടക്കുന്നത് കർത്തൃശുശ്രൂഷയോടും തലമുറകളോടും ചെയ്യുന്ന അനീതിയാണ്. അതിനു യോഗ്യരായ ആളുകൾ നമ്മുടെ സഭകളിൽ ഇല്ലെന്നാണോ ഈ അധികാരികൾ കരുതുന്നത്? ആധുനിക വിദ്യാഭ്യാസവും സാങ്കേതിക ജ്ഞാനവും ലഭിച്ചിട്ടുള്ള ശുശ്രൂഷ മ്രുൻപോട്ടു കൊണ്ടുപോകുവാൻ സന്നദ്ധരായ ദൈവകൃപയുള്ള ധാരാളം യുവസഹോദരന്മാർ ഇന്ന് നമ്മുടെ മദ്ധ്യത്തിലുണ്ട്.

ആകയാൽ കർത്താവിന്റെ ശുശ്രൂഷകൾ അഭംഗുരം തുടരുവാനുള്ള അവസ്സരം സൃഷ്ടിക്കുവാൻ പ്രസ്ഥാനങ്ങളുടെ കേന്ദ്രീകൃത അധികാരത്തിലിരിക്കുന്നവർ തയ്യാറാകണം. ഏലിയാവിലെപ്പോലെ, പൗലൊസിനെപ്പോലെ ശുശ്രൂഷകൾ കൈമാറുവാനുള്ള മനസ്സ് കർത്താവു നൽകട്ടെ. ശുശ്രൂഷകൾ കൈമാറുവാനുള്ളതാണ്.

ദൈവജനമെ, നമ്മുടെ ഭാഗധേയത്വം എന്താണ്? സഭകൾക്കും ശുശ്രൂഷകർക്കും വലിയ ഉത്തരവാദിത്തമുണ്ട്. വലിയ ശുശ്രൂഷ പ്രസ്ഥാനങ്ങളുടെ നേതൃനിരയിലുള്ളവരോട് കാര്യങ്ങൾ കൈമാറുവാൻ ആവശ്യപ്പെടുവാനും നാം തയ്യാറാകണം. അല്ലെങ്കിൽ കാലം നമുക്കു മാപ്പു നൽകില്ല. മാത്രമല്ല, നമ്മുടെ സമസൃഷ്ടികൾക്കു വേണ്ടി ചെയ്യേണ്ടതു ചെയ്തില്ലെന്നു പിന്നീട് പരിതപിക്കുന്നതുകൊണ്ട് ഗുണമൊന്നും ഉണ്ടാകില്ല എന്നു തിരിച്ചറിയുക. സമയം അതിക്രമിച്ചെങ്കിലും ഇനിയും അവസ്സരം കൈവിട്ടുപോയിട്ടില്ല. ഉണർന്നെഴുന്നേൽക്കാം. നമുക്ക് ലഭിച്ചിരിക്കുന്ന ഭൗതീകമായ നേട്ടങ്ങളെ ദൈവരാജ്യത്തിന്റെ അഭിവൃദ്ധിക്കായും സമസൃഷ്ടികളുടെ ആത്മീയ ഉദ്ധാരണത്തിനും മാനയാന്തരത്തിനും കാരണമാകട്ടെ. നല്ല തലമുറകൾക്കായി നാം ഒന്നിച്ചു കൈകോർത്താൽ സങ്കൽപ്പിക്കാവുന്നതിനപ്പുറം നേടുവാനാകും

**Editorial Board**

**Chief Editor** - **S Sanjivi Ernakulam, #91 9447668224**

**Co. Editors**
- George Samuel Mumbai, 9969310317
- Bro Shajahan V Hassan Idukky, 9447877132
- Dr Twinkle Paul Perumbavoor, 9961258844
- Bro A T Thomas Kottarakkara, 9496269916
- Bro David P Isaac Gujarath, 9228521344

**Advisery Board**
- Dr. Babu Varghese, Mumbai, 9819037122
- Bro M V Babu Kallissery, 9447024260
- Dr Joshy Abraham Pullad, 9446914242
- Bro J C Dev Mallappally, 9961700465
- Bro K M John Florida USA
- Bro Jijo Angamaly Bahrain
- Bro Jobin Varghese Mamala

## സൗത്ത് തമിഴ്നാട് കൺഫ്രൻസ്

കഴിഞ്ഞ വർഷങ്ങളായി തെക്കൻ തമിഴ്നാട്ടിലെ വിശ്വാസിളുടെ ആത്മീയ അഭിവൃദ്ധി ലക്ഷ്യമാ ക്കി നടന്നു വരുന്ന 'സൗത്ത് തമിഴ്നാടു ബ്രദറൺ കോൺഫ്രൻസിന്റെ' 46 -ാമതു സമ്മേളനം 2018 മെയ് 2 മുതൽ 5 വരെ കുറ്റാലം 'റോക്ക് ഹോളിൽ' വച്ചു നടത്തപ്പെടുന്നതാണ്. സഹോ. ഐസക് മണ്ണൂർ, എംവി ബാബു, ജ്ഞാനശേഖർ, കെ പോൾ സദയൻ എവന്നിവർ "നിന്റെ ജനത്തെ വീണ്ടും ജീവിപ്പിക്കയില്ലയോ" എന്ന വിഷയത്തെ അധികരിച്ച് വചനം ശുശ്രൂഷിക്കുന്നു. പ്രാർത്ഥിച്ചാലും.

**കുട്ടിരാജ് പ്രസിഡന്റ്**


ഐസക് മണ്ണൂർ


എം വി ബാബു


കെ പോൾ സദയൻ


ജ്ഞാനശേഖർ

## സോദരീ സമാജം

**കല്ലിശ്ശേരി:** കല്ലിശ്ശേരി സെന്റർ സോദരീ സമാജത്തിന്റെ അടുത്ത ഏകദിനസമ്മേളനം ഏപ്രിൽ 21 ശനിയാഴ്ച രാവിലെ 10 മണിക്ക് വരേണിക്കൽ സഭയിൽ വച്ചു നടക്കുന്നതാണ്. സഹോദരിമാർ പ്രാർത്ഥനയോടെ എത്തിച്ചേരണമെ.

മോളി ബാബു സെക്രട്ടറി
9486924260

REGISTERED BOOK PACKET (Periodicals)
Reg. No. KERMAL/2011/40311

To
..................................
..................................
..................................
..................................

*If Undelivered*
*Please Return to:*
The Chief Editor,
**SANDWANAM**
Mamala P.O;
Thiruvankulam- 682305
Ernakulam Dist., Kerala
Mob: 9447668224,
9961166767
Email:sandwanamnews2016@gmail.com

## വായനക്കാരുടെ ശ്രദ്ധയ്ക്ക്

**സാന്ത്വനം ദൈവം ഞങ്ങൾക്കു തന്ന ഒരു ശുശ്രൂഷയാണ്. ഈ സംരംഭം വരിസംഖ്യയുടെ അടിസ്ഥാനത്തിൽ നടത്തിക്കൊണ്ടു പോകുവാനാകില്ലെന്ന് ഭൂരിപക്ഷം വായനക്കാർക്കും അറിയാവുന്നതാണ്. ആകയാൽ ഇതിന് മേലിൽ വരിസംഖ്യയോ വിലയോ ഉണ്ടായിരിക്കുന്നതല്ല; എന്നാൽ ഇതിന്റെ സുഗമമായ നടത്തിപ്പിന് നിങ്ങളുടെ സഹകരണം വളരെ ആവശ്യമാണ്. ഈ ശുശ്രൂഷയ്ക്ക് പിൻബലം നൽകുവാൻ ആഗ്രഹിക്കുന്നവർ നിങ്ങളുടെ കൂട്ടായ്മകൾ 0635053000000587 With SIB KOOTHATTUKULAM ISFC: SIBL0000635 എന്ന അക്കൗണ്ടിലോ താഴെ കാണുന്ന വിലാസത്തിലോ അയച്ചാലും. കൂട്ടായ്മകൾ നൽകിയവരോട് നന്ദി രേഖപ്പെടുത്തുന്നു. ഇപ്പോൾ ലഭിച്ചുകൊണ്ടിരിക്കുന്ന എല്ലാവർക്കും സാന്ത്വനം തുടർന്നും ലഭിക്കുന്നതാണ്. ലഭിക്കുന്നില്ലെങ്കിൽ പ്രസ്തുത വിവരം അറിയിച്ചാലും. പരിശോധിച്ച് വേണ്ടതു ചെയ്യുന്നതാണ്.**

പബ്ലീഷർ

കൂട്ടായ്മകൾ അയയ്ക്കേണ്ട വിലാസം

**S SANJIVI, AREKATTUTHARA, MAMALA P O; THIRUVANKULAM, EKM 682305**

Printed, Published, Owned & Edited by: S Sanjivi, Arekattuthara, Mamala P O; Ernakulam Dist. Pin:682305. Ph: 9447668224 - 9961166767, Printed at : puthethukallisseri@gmail.com # 9847076075